I ഇ.ബി. XII-കേരള നിയമസഭ /VI-9

# പന്ത്രണ്ടാം കേരള നിയമസഭ

## ആറാം സമ്മേളനം

## നിയമസഭാനടപടികൾ – സംഗ്രഹം
## (ചോദ്യോത്തരങ്ങൾ ഒഴികെ)

2007 സെപ്റ്റംബർ 14, വെള്ളി

നിയമസഭ രാവിലെ 8.30-ന് ബഹുമാനപ്പെട്ട സ്പീക്കർ ശ്രീ. കെ. രാധാകൃഷ്ണന്റെ അദ്ധ്യക്ഷതയിൽ നിയമസഭാഹാളിൽ യോഗം ചേർന്നു.

(8.30 മുതൽ 9.30 വരെ ചോദ്യോത്തര സമയം)

## അടിയന്തിരപ്രമേയം

ചീഫ് സെക്രട്ടറിയുടെ രാജി

മി. സ്പീക്കർ : മുഖ്യമന്ത്രിയുടെ പരസ്യമായ കുറ്റപ്പെടുത്തലിനെത്തുടർന്ന് അവധിയിൽ പ്രവേശിച്ച ചീഫ് സെക്രട്ടറിയുടെ നടപടിമൂലം മനോവീര്യം തകർന്ന സിവിൽ സർവ്വീസിന്റെ ശോചനീയമായ സ്ഥിതിയേയും തന്മൂലമുണ്ടായ ഭരണസ്തംഭനത്തേയുംപറ്റി സഭാനടപടികൾ നിർത്തിവച്ച് ചർച്ച ചെയ്യണമെന്ന് ആവശ്യപ്പെട്ട് സർവ്വശ്രീ കെ. സുധാകരൻ, സി.ടി. അഹമ്മദ് അലി, സി.എഫ്.തോമസ്, കെ.ബി.ഗണേഷ് കുമാർ, കെ.കെ. ഷാജു എന്നീ ബഹുമാനപ്പെട്ട അംഗങ്ങൾ റൂൾ 50 അനുസരിച്ച് നോട്ടീസ് നൽകിയിട്ടുണ്ട്.

മുഖ്യമന്ത്രി (ശ്രീ. വി.എസ്. അച്ചുതാനന്ദൻ): അവധി ആവശ്യപ്പെട്ടുകൊണ്ടും അവധി കഴിയുമ്പോൾ റിട്ടയർ ചെയ്യാൻ താൽപ്പര്യമുണ്ടെന്ന്

അറിയിച്ചുകൊണ്ടുമുള്ള ഒരു കത്ത് ചീഫ് സെക്രട്ടറി നൽകിയിട്ടുണ്ട്. അവർ ചീഫ് സെക്രട്ടറിയായി വന്നതിനുശേഷം സ്തുത്യർഹമായ സേവനം കാഴ്ച വയ്ക്കുകയും അതേ അവസരത്തിൽത്തന്നെ മുഖ്യമന്ത്രി അറിയേണ്ട കാര്യങ്ങൾ അറിയാനിടയാകാത്ത വിധത്തിലുള്ള ചില കാര്യങ്ങൾ ചെയ്തിട്ടുമുണ്ട്. ഉദ്യോഗസ്ഥരും ഉദ്യോഗസ്ഥമേധാവികളും ഇത്തരം കാര്യങ്ങൾ ചെയ്യുന്നതുമൂലം ഭരണപരമായി ഉണ്ടാകുന്ന ബുദ്ധിമുട്ടുകൾ സംബന്ധിച്ച് ചർച്ചചെയ്ത് ഭരണം കാര്യക്ഷമമായ നിലയിൽ കൊണ്ടുപോകുകയും ചില കാര്യങ്ങളിൽ പരസ്യ വിമർശനം അവരെ നന്നാക്കാൻ പര്യാപ്തമാണെന്നുകണ്ട് അതും ഗവണ്മെന്റ് ചെയ്യാറുണ്ട്. സത്യസന്ധമായി ജോലി ചെയ്യുന്ന ഉദ്യോഗസ്ഥരുടെ സേവനങ്ങളെ മാനിക്കുന്നതോടൊപ്പം സേവനത്തിനിടയിൽ ഉണ്ടാകുന്ന വീഴ്ചകളെ ചൂണ്ടിക്കാണിക്കുന്നത് അവരുടെ ഭാവിക്കും സംസ്ഥാനത്തിന്റെ പുരോഗതിക്കും ആവശ്യമാണ്. ഈ പ്രശ്നം ഭരണപരമായതിനാൽ ചർച്ചകളിലൂടെ ഇതിന് പരിഹാരമുണ്ടാക്കും.

ശ്രീ. കെ. സുധാകരൻ : മുഖ്യമന്ത്രിയുടെ വിശദീകരണം ഈ പ്രശ്നത്തിന്റെ ഗൗരവം വളരെയേറെ വർദ്ധിപ്പിച്ചിരിക്കുകയാണ്. വളരെ സ്തുത്യർഹമായ സേവനം ചെയ്ത ഉദ്യോഗസ്ഥയാണ് ചീഫ് സെക്രട്ടറിയെന്ന അദ്ദേഹത്തിന്റെ സമ്മതവും ഈ ഭരണത്തിൻകീഴിൽ ചീഫ് സെക്രട്ടറിയായിരിക്കാൻ താൽപ്പര്യമില്ലെന്നറിയിച്ച് അവധിയും തുടർന്ന് വോളന്ററി റിട്ടയർമെന്റും ചോദിച്ചിരിക്കുന്ന ഗൗരവമേറിയ പ്രശ്നം ചർച്ച ചെയ്യാതിരിക്കുന്നത് ശരിയല്ല. ചീഫ് സെക്രട്ടറിയുടെ അവധി മെർക്കിസ്റ്റൺ ഇടപാടും ഹെലിപ്പാഡ് നിർമ്മാണവുമായി ബന്ധപ്പെട്ട ഗുരുതരമായ പ്രശ്നത്തിന്റെ മാനം വ്യാപിപ്പിച്ചിരിക്കുന്നുവെന്നത് കേരളത്തിലെ ജനങ്ങളറിയണം.

തന്നിൽ അവിശ്വാസവും കഴിവുകേടും രേഖപ്പെടുത്തിയ മുഖ്യമന്ത്രിയുടെ പ്രസ്താവനയിലും നിലപാടിലും പ്രതിഷേധിച്ച് കേരളത്തിന്റെ ചീഫ് സെക്രട്ടറി വോളന്ററി റിട്ടയർമെന്റിന് അനുമതി ചോദിച്ച് ലീവിൽ പോയിരിക്കുന്ന വസ്തുതയും അതിലൂടെ കേരളത്തിലെ ഐ. എ. എസ്. ഉദ്യോഗസ്ഥരുടെ മനോവീര്യം തകരുന്നതും തന്മൂലം കേരളത്തിലുണ്ടായിക്കൊണ്ടിരിക്കുന്ന ഭരണസ്തംഭനവും ലാഘവത്തോടെ കാണുന്നത് ശരിയല്ല. എക്സിക്യൂട്ടീവിന്റെ ചീഫും ക്യാബിനറ്റിന്റെ സെക്രട്ടറിയും മന്ത്രിമാർക്കുപുറമെ മന്ത്രിയല്ലാതെ ക്യാബിനറ്റിലിരിക്കാൻ സാധിക്കുന്ന ഏക വ്യക്തിയുമാണ് ചീഫ് സെക്രട്ടറി ചീഫ് സെക്രട്ടറിക്കെതിരായുള്ള മുഖ്യമന്ത്രിയുടെ പരാമർശത്തെത്തുടർന്ന് അവധിയെടുക്കുകയും വി.ആർ.എസ്. ആവശ്യപ്പെടുകയും ചെയ്യുന്ന സംഭവം കേരളത്തിന്റെ ചരിത്രത്തിലാദ്യമാണ്. വിവിധ സ്വഭാവങ്ങളുള്ള മന്ത്രിമാർക്കൊപ്പം പ്രവർത്തിച്ച് പരിചയമുള്ള ചീഫ് സെക്രട്ടറിയുടെ ഈ തീരുമാനത്തെത്തുടർന്ന് കേരളത്തിന്റെ ഭരണരംഗമാകെ സ്തംഭിച്ചിരിക്കുകയാണ്. ഹെലിപ്പാഡ് നിർമ്മാണത്തിനും മെർക്കിസ്റ്റൺ എസ്റ്റേറ്റ് ഇടപാടിനും വിനിയോഗിച്ച ഒരു കോടി രൂപയുടെ ചെലവ് ഭരണത്തലവൻ അറിഞ്ഞില്ലെന്നാണ് പറയുന്നത്. മുഖ്യമന്ത്രിയുടെ കീഴിലുള്ള ജി.എ.ഡി. യിലെ ഉദ്യോഗസ്ഥർ തയ്യാറാക്കിയ ഫയലിലെ കാര്യങ്ങൾ മുഖ്യമന്ത്രി അറിഞ്ഞില്ലെങ്കിൽ ആ കസേരയിലിരിക്കാനുള്ള അവകാശം മുഖ്യമന്ത്രിക്കില്ല. 35 ലക്ഷം രൂപകൊണ്ട് തീർക്കാൻ സാധിക്കുമായിരുന്ന ഹെലിപ്പാഡിന്റെ പ്രവർത്തനത്തിന് 223 ലക്ഷം രൂപ അനുവദിച്ചുകൊടുത്തത് മുഖ്യമന്ത്രിയും വനം വകുപ്പുമന്ത്രിയും അറിഞ്ഞില്ല; ധനകാര്യ വകുപ്പുമന്ത്രി അറിഞ്ഞിരിക്കുന്നു. ഒരു വി.ഐ.പി.യുടെ സന്ദർശനത്തോടനുബന്ധിച്ച് എല്ലാ വകുപ്പുകളേയും കോ-ഓർഡിനേറ്റ് ചെയ്യേണ്ട ചീഫ് സെക്രട്ടറി, എല്ലാ വകുപ്പ്

അദ്ധ്യക്ഷരുടേയും യോഗം വിളിച്ച് ചർച്ച നടത്തിയിട്ടും കേരളത്തിന്റെ മുഖ്യമന്ത്രി അറിഞ്ഞില്ലെന്നു പറയുന്നത് പരിഹാസ്യമാണ്. ചീഫ് സെക്രട്ടറിക്ക് പിഴവു പറ്റിയിരിക്കുന്നുവെന്നാണ് ഇവിടെ പറയുന്നത്. മന്ത്രിമാരുടെ പിടിപ്പുകേടിന് ഉദ്യോഗസ്ഥരെ ബലിയാടാക്കാതെ യാഥാർത്ഥ്യമെന്താണെന്നറിയണം. അതിനാവശ്യമായ അന്വേഷണം നടത്തണം. ആത്മാഭിമാനത്തെ തൊട്ടപ്പോൾ രാജി വച്ച വനിതാ ചീഫ് സെക്രട്ടറിയുടെ മാതൃക പിൻതുടരാൻ മന്ത്രിക്ക് സാധിക്കണം.

മുഖ്യമന്ത്രി (ശ്രീ. വി. എസ്. അച്ചുതാനന്ദൻ): ചീഫ് സെക്രട്ടറിയുടെ പ്രശ്നം സംസ്ഥാന ഗവണ്മെന്റിന്റെ ഭരണപരാജയമെന്നാണ് ഇവിടെ പ്രസംഗിച്ചത്. കഴിഞ്ഞ അഞ്ച് വർഷത്തെ ദുഷ്ചെയ്തികളുടെ ഫലമായിട്ടാണ് നിങ്ങളെ ജനങ്ങൾ പ്രതിപക്ഷത്തിരുത്തിയിരിക്കുന്നത്. ഇവിടെ ഓർഡിനൻസ് ഭരണമില്ലാതാക്കി ബില്ലുകൾ പാസ്സാക്കുന്നതിന് നിയമസഭ വിളിച്ചുചേർത്തപ്പോൾ സഹകരിക്കാമെന്ന് പറയുകയും അതിനെതിരെ തുരങ്കം വയ്ക്കുകയുമാണ് പ്രതിപക്ഷം ചെയ്യുന്നത്. പ്രതിപക്ഷത്തിന്റെ ജനാധിപത്യപരമായ അവകാശങ്ങൾ അംഗീകരിക്കുന്നതിനാണ് ഗവണ്മെന്റ് ക്ഷമയോടുകൂടി സഹകരിക്കുന്നത്. ചീഫ് സെക്രട്ടറിയെ സംബന്ധിച്ച് നേരത്തെതന്നെ ആക്ഷേപം പറഞ്ഞവരാണ് ഇന്നത്തെ പ്രതിപക്ഷം. ചീഫ് സെക്രട്ടറിയെ സംബന്ധിച്ചുള്ള ഗവണ്മെന്റിന്റെ അഭിപ്രായം നേരത്തെ പറഞ്ഞുകഴിഞ്ഞു. ഗവണ്മെന്റ് ഉദ്യോഗസ്ഥരേയും പൊതുവിൽ അവരുടെ ജോലിയേയും സംബന്ധിച്ചൊക്കെ പരസ്യമായി വിമർശിച്ചപ്പോൾ സൗഹൃദപരമായി തെറ്റ് തിരുത്തുന്നതിന് അവർ തയ്യാറായിട്ടുണ്ട്. ഉദ്യോഗസ്ഥരുടെ ശരിയായ കാര്യങ്ങൾ അംഗീകരിക്കുകയും കുറവുകൾ ചൂണ്ടിക്കാണിക്കുകയും ചെയ്യും. ഈ പ്രശ്നം സംബന്ധിച്ച് ഗവണ്മെന്റിന്റെ ഭാഗത്തുനിന്നും

ചെയ്യേണ്ട കാര്യങ്ങൾ ചെയ്തിട്ടുണ്ട്. ഈ വിഷയം സഭാനടപടികൾ നിർത്തി വച്ച് ചർച്ച ചെയ്യേണ്ട ആവശ്യമില്ല.

(അടിയന്തിരപ്രമേയാവതരണത്തിന് അനുമതി നിഷേധിച്ചു)

(അടിയന്തിരപ്രമേയാവതരണത്തിന് അനുമതി നിഷേധിച്ചതിൽ പ്രതിഷേധിച്ച് ശ്രീ ഉമ്മൻ ചാണ്ടി പ്രസ്താവന നടത്തുകയും അഴിമതിക്കാരെ രക്ഷിക്കാനുള്ള ഗവണ്മെന്റിന്റെ ബോധപൂർവ്വമായ നയത്തിൽ പ്രതിഷേധിച്ച് പ്രതിപക്ഷകക്ഷിയംഗങ്ങളായ സർവ്വശ്രീ. ബി.. ബാബു പ്രസാദ്, കെ.ബി.. ഗണേഷ് കുമാർ, എം. ഉമ്മർ, പ്രൊഫ. എൻ. ജയരാജ് എന്നീ ബഹുമാനപ്പെട്ട അംഗങ്ങൾ നിയമസഭാകവാടത്തിൽ സത്യാഗ്രഹം നടത്തുമെന്ന് പ്രഖ്യാപിക്കുകയും ചെയ്തശേഷം തന്റെ പാർട്ടിയിൽപ്പെട്ട അംഗങ്ങളോടൊപ്പം സഭ വിട്ട് പുറത്തു പോയി. തുടർന്ന് സർവ്വശ്രീ സി. എഫ്. തോമസ്, സി.ടി. അഹമ്മദ് അലി എന്നീ പ്രതിപക്ഷ കക്ഷിനേതാക്കന്മാരും പ്രസ്താവനകൾ നടത്തിയശേഷം അവരവരുടെ പാർട്ടി അംഗങ്ങളോടൊപ്പം സഭ വിട്ടു പുറത്തുപോയി. പുറത്തുപോയ പ്രതിപക്ഷാംഗങ്ങൾ അൽപ്പസമയത്തിനുശേഷം വീണ്ടും സഭയിൽ ഹാജരായി. )

## ശ്രദ്ധക്ഷണിക്കൽ

### (1) അന്യസംസ്ഥാന ലോട്ടറികൾക്കെതിരെയുള്ള കേസ്സുകൾ

ശ്രീ. ജോസഫ് എം. പുതുശ്ശേരി: സംസ്ഥാനത്ത് കഴിഞ്ഞ കുറേ നാളുകളായി സർവ്വതന്ത്ര സ്വതന്ത്രമായി പ്രവർത്തിച്ചുവരുന്ന അന്യസംസ്ഥാന ലോട്ടറികളെ നിയന്ത്രിക്കാനും കോടിക്കണക്കിന് രൂപ കേരളത്തിൽ നിന്ന് കടത്തിക്കൊണ്ടുപോകുന്നത് തടയാനും ഗവണ്മെന്റിന് കഴിയുന്നില്ല. ഏതാണ്ട് 40 കോടി രൂപയാണ് ദിനംപ്രതി ഇവിടെ നിന്ന് കടത്തിക്കൊണ്ടുപോകുന്നത്.

2005-ലെ കേരള പേപ്പർ ലോട്ടറി നികുതി നിയമത്തിലെ വ്യവസ്ഥകൾ ഹൈക്കോടതി ശരി വയ്ക്കുകയും ബമ്പർ നറുക്കെടുപ്പുകൾക്ക് 10 ലക്ഷം രൂപയും മറ്റു നറുക്കെടുപ്പുകൾക്ക് 5 ലക്ഷം രൂപയുമാക്കി നികുതി വർദ്ധിപ്പിക്കുകയും ചെയ്ത സാഹചര്യത്തിൽ ആ നികുതി ഈടാക്കിക്കൊണ്ട് മുന്നോട്ടുപോകണം. കേന്ദ്ര ലോട്ടറി നിയമത്തിലെ 11 വ്യവസ്ഥകൾ ലംഘിച്ചുകൊണ്ടാണ് അന്യസംസ്ഥാന ലോട്ടറികൾ ഇവിടെ പ്രവർത്തിക്കുന്നതെന്ന് അന്വേഷണ കമ്മിഷൻ റിപ്പോർട്ടുള്ള സാഹചര്യത്തിൽ അതിനെതിരെ ക്രിമിനൽ നടപടി സ്വീകരിക്കണം. സുപ്രീംകോടതിയിൽ ഇതുമായി ബന്ധപ്പെട്ട് നിലവിലുള്ള കേസ്സുകളിലുള്ള അർജൻസി ബോധ്യപ്പെടുത്തിക്കൊണ്ട് എത്രയും വേഗം കേസ് തീർപ്പാക്കാനാവശ്യമായ നടപടി സ്വീകരിക്കണം.

ധനകാര്യ വകുപ്പുമന്ത്രി (<u>ഡോ. തോമസ് ഐസക്):</u> ഈ വിഷയം സംബന്ധിച്ച് സഭ ഒട്ടേറെ ചർച്ച നടത്തിയിട്ടുള്ളതാണ്. ലോട്ടറി ഒരു ചൂതാട്ടമാണെങ്കിലും അതിൽ നിന്നുള്ള ലാഭം പൊതുനന്മയ്ക്ക് ഉപയോഗിക്കുക എന്നതാണ് ലക്ഷ്യം. എന്നാൽ ചില നിയന്ത്രണങ്ങളും വേണം. കേന്ദ്ര നിയമം ലംഘിച്ച് അന്യസംസ്ഥാന ലോട്ടറി നടത്തുന്നവരുടെ രജിസ്ട്രേഷൻ ക്യാൻസൽ ചെയ്യുന്നതിന് നടപടി സ്വീകരിച്ചുവെങ്കിലും കോടതിയിൽ കേസ് നിലനിൽക്കുന്നതിനാൽ രജിസ്ട്രേഷൻ ക്യാൻസൽ ചെയ്തിട്ടില്ല. അന്യസംസ്ഥാന ലോട്ടറിക്കാരിൽ നിന്നും വിൽപ്പന നികുതി പിരിക്കാൻ സംസ്ഥാന സർക്കാരിന് അവകാശമില്ലെന്ന സുപ്രീംകോടതി വിധിയെത്തുടർന്ന് കേരള ഹൈക്കോടതി വില്പന നികുതിയുടെ സെക്ഷൻ 5 ബി (എ) അനുസരിച്ച് കോമ്പൗണ്ട് ചെയ്ത് തുക അസ്സസ് ചെയ്യുന്നതിനുള്ള അധികാരം റദ്ദാക്കുകയും അത് ഭരണഘടനാവിരുദ്ധമാണെന്ന് വിധിക്കുകയുമുണ്ടായി. ഇതുസംബന്ധിച്ച് എന്തുചെയ്യാൻ കഴിയുമെന്നുള്ളത് പരിശോധിച്ചുവരികയാ

ണ്. ഒരു വിഷയം സംബന്ധിച്ച് കേസ്സെടുത്തുകഴിഞ്ഞാൽ നൽകിയ അഫിഡവിറ്റ് പിൻവലിക്കാൻ പാടില്ല. അതിനുപകരം കേസ്സിന്റെ നടത്തിപ്പുവേളയിൽ ആ വിധിക്കാധാരമായ കാര്യങ്ങൾ ചോദ്യം ചെയ്യാം. അതിനാണ് സർക്കാർ ശ്രമിക്കുന്നത്. സർക്കാർ നൽകിയിട്ടുള്ള അഫിഡവിറ്റ് പെറ്റീഷൻ നൽകിയിട്ടുള്ളവർക്കെല്ലാം ബാധകമായതിനാൽ അവർക്കെതിരെ നടപടിയെടുക്കാൻ കഴിയില്ല. കേസ് ലിസ്റ്റ് ചെയ്യപ്പെട്ടതിനാൽ മുൻഗണനാക്രമമനുസരിച്ച് ഇതിൽ അനുകൂല നിലപാടുണ്ടാകുമെന്നാണ് പ്രതീക്ഷിക്കുന്നത്. ഓൺ ലൈൻ ലോട്ടറി പെറ്റീഷനിൽ അനുകൂലമായ വിധി വന്ന സാഹചര്യത്തിൽ അത് ഈ കേസ്സുമായി tie up ചെയ്യണമെന്ന വാദം സുപ്രീംകോടതി അംഗീകരിച്ചു. സംസ്ഥാന ലോട്ടറി ശക്തിപ്പെടുത്തുന്നതിനും കേന്ദ്ര നിയമം ലംഘിച്ച് അന്യസംസ്ഥാന ലോട്ടറി നടത്തുന്നവർക്കെതിരെ ശക്തമായ നടപടി സ്വീകരിക്കുന്നതോടൊപ്പം ഇക്കാര്യം സംബന്ധിച്ച് പൊതുജനങ്ങളെ ബോധവൽക്കരിക്കുന്നതിനും നടപടി സ്വീകരിക്കുന്നതാണ്.

## (2) <u>കാർഷിക ഉല്പന്നങ്ങളെ ലോകവ്യാപാര കരാറിലെ സംരക്ഷിത പട്ടികയിൽ ഉൾപ്പെടുത്തണമെന്ന ആവശ്യം</u>

<u>ശ്രീ. എം.വി. ശ്രേയാംസ് കുമാർ</u>: 2000-2001 വർഷത്തിൽ മാർച്ച് 31-ന് അംഗീകരിച്ച ലോക വ്യാപാര കരാറിന്റെ ഭാഗമായി 1429 ഉല്പന്നങ്ങൾ ഇറക്കുമതി ചെയ്യുന്നതിനുള്ള ക്വാണ്ടിറ്റേറ്റീവ് റെസ്ട്രിക്ഷൻസ് കേന്ദ്ര സർക്കാർ പിൻവലിക്കുകയുണ്ടായി. ഇതിൽ 353 ഉല്പന്നങ്ങൾ കാർഷിക ഉല്പന്നങ്ങളാണ്. കേന്ദ്ര സർക്കാരിന്റെ ഇറക്കുമതി നയംമൂലം സംസ്ഥാനത്തെ കാർഷികമേഖല വലിയ പ്രതിസന്ധിയിലാണ്. തേങ്ങയുടെ വിലയിടിവും തെങ്ങുകളുടെ രോഗവും കാരണം വലിയ നഷ്ടം വരുന്നതിനാൽ കേരകർഷകർ വ്യാപകമായി കേരകൃഷി ഉപേക്ഷിക്കുകയാണ്. കേര

വികസന ബോർഡിന്റെ 6320 കോടി രൂപയുടെ പദ്ധതിക്ക് കേന്ദ്രഗവൺമെന്റ് അംഗീകാരം നൽകിയിട്ടില്ല. കൊപ്രയ്ക്ക് താങ്ങുവില പ്രഖ്യാപിച്ചാൽ അത് കേരകർഷകർക്ക് ഗുണം ചെയ്യില്ല. തേങ്ങയ്ക്ക് താങ്ങുവില നിശ്ചയിച്ച് സംഭരിച്ചാൽ മാത്രമേ കേരകർഷകർക്ക് ഗുണമുണ്ടാവുകയുള്ളൂ. നാഫെഡ് നിശ്ചയിച്ചിട്ടുള്ള തറവിലയിലും കുറച്ചാണ് കേരഫെഡ് സംഭരിക്കുന്നത്. അതുകൊണ്ട് ലോകവ്യാപാര കരാറിലെ സംരക്ഷിത പട്ടികയിൽ കേരളത്തിലെ കാർഷിക ഉല്പന്നങ്ങളെ ഉൾപ്പെടുത്തുന്നതിന് കേന്ദ്രസർക്കാരിൽ സമ്മർദ്ദം ചെലുത്തുകയും ഇതിന്റെ പ്രവർത്തനങ്ങൾ ഫലവത്താക്കാനായി ഡബ്ല്യൂ.ടി.ഒ., സെക്രട്ടേറിയറ്റ് സെൽ, വെർച്വൽ യൂണിവേഴ്സിറ്റി എന്നീ സംവിധാനങ്ങൾ ശക്തിപ്പെടുത്തുകയും ചെയ്യണം.

കൃഷി വകുപ്പുമന്ത്രി (ശ്രീ. മുല്ലക്കര രത്നാകരൻ): ലോകവ്യാപാര സംഘടനകളുടെ ചർച്ചകളിൽ വികസ്വര രാജ്യങ്ങൾ അവരുടെ സംരക്ഷിത ഉൽപ്പന്നങ്ങൾ പ്രത്യേക ഉൽപ്പന്നങ്ങളായി തരംതിരിച്ച് ഇറക്കുമതി ചുങ്കം ഉള്ളവയിൽ നിന്ന് സംരക്ഷിക്കുവാൻ അനുവദിക്കുന്നതിന്റെ അടിസ്ഥാനത്തിൽ ഭക്ഷ്യസുരക്ഷ, ജീവനോപാധി സുരക്ഷ, ഗ്രാമീണ വികസന ആവശ്യങ്ങൾ എന്നിവ കണക്കിലെടുത്ത് സംസ്ഥാനങ്ങൾ അവരവരുടെ സംരക്ഷിത ഉൽപ്പന്നങ്ങൾ കണ്ടെത്തുവാൻ കേന്ദ്ര സർക്കാർ ആവശ്യപ്പെട്ടിട്ടുണ്ട്. ഇതനുസരിച്ച് നാളികേരം, നാളികേര ഉൽപ്പന്നങ്ങൾ, കുരുമുളക്, കുരുമുളക് ഉൽപ്പന്നങ്ങൾ, അടയ്ക്ക, കാപ്പി, വാഴപ്പഴം, ഏലം, തേയില എന്നിവയെ പ്രത്യേക ഉൽപ്പന്നങ്ങളായും പ്രകൃതിദത്ത റബ്ബറിനെ സംരക്ഷിത ഉൽപ്പന്നമായും ഉൾപ്പെടുത്തണമെന്ന് ആവശ്യപ്പെട്ടിട്ടുണ്ട്. കേന്ദ്ര സർക്കാർ സ്വതന്ത്ര വ്യാപാര കരാറുകളിലും ലോക വ്യാപാര സംഘടനാ കരാറിലും ഏർപ്പെടുമ്പോൾ സ്വതന്ത്ര വ്യാപാരത്തിൽ ഉൾപ്പെട്ട കാർഷിക

ഉൽപ്പന്നങ്ങളുടെ ആഭ്യന്തര ഉൽപ്പാദനം, ആഭ്യന്തര ഉപഭോഗം, കയറ്റുമതി, ഇറക്കുമതി എന്നിവയെ സംബന്ധിക്കുന്ന വിവരങ്ങൾ അംഗരാജ്യങ്ങൾ കരാറിൽ ഏർപ്പെടുമ്പോൾത്തന്നെ പങ്ക് വയ്ക്കേണ്ടതും അവ പൊതുവായി ലഭ്യമാക്കുവാൻ ആവശ്യപ്പെടേണ്ടതുമാണ്. കേന്ദ്ര സർക്കാരിന്റെ വ്യാപാര ഉദാരവൽക്കരണ നയങ്ങളുടെ ഫലമായി പ്രതിസന്ധിയിലായ കർഷകരെ രക്ഷിക്കുവാൻ കേന്ദ്രസർക്കാർ കർഷക നഷ്ടപരിഹാര പാക്കേജ് ആവിഷ്ക്കരിക്കേണ്ടതുണ്ട്. സ്വതന്ത്ര ഇറക്കുമതി നയം ഏതാനും മൂല്യവർദ്ധിത വ്യവസായങ്ങൾക്കാണ് പ്രയോജനപ്പെടുന്നത്. ലക്ഷക്കണെ ക്കിന് ചെറുകിടകർഷകരുടെ ജീവനോപാധിക്ക് ഇത് നാശം വരുത്തുമെന്നതിനാൽ മൂല്യവർദ്ധിത ഉൽപ്പന്നങ്ങൾ ഉൽപ്പാദിപ്പിക്കുവാൻ ധാരാളമായി അസംസ്കൃത വസ്തുക്കൾ ഇറക്കുമതി ചെയ്യുന്ന വ്യവസായികൾക്ക് കേന്ദ്ര സർക്കാർ സെസ്സ് ഏർപ്പെടുത്തുണമെന്നും ഇവയിൽനിന്നും ലഭിക്കുന്ന വിഹിതം അതാത് പീഡിത കാർഷിക മേഖലയുടെ വികസനത്തിനായി ഉപയോഗിക്കണമെന്നും ഇറക്കുമതി ചെയ്യുന്ന അസംസ്ക്കൃത വസ്തുവിന്റെ ഗുണനിലവാരം ഉറപ്പുവരുത്തുന്നതിനും മൂല്യവർദ്ധിത ഉൽപ്പന്നങ്ങൾക്കുള്ള വ്യവസ്ഥകൾ പാലിക്കുന്നുണ്ടെന്ന് ഉറപ്പുവരുത്തുന്നതിനും കേന്ദ്ര സംസ്ഥാന സർക്കാരുക ളുടെ പ്രതിനിധികളടങ്ങിയ ഒരു ഇറക്കുമതി നിരീക്ഷണ കേന്ദ്രം എല്ലാ സംസ്ഥാനങ്ങളിലും ആരംഭിക്കേണ്ടതാണെന്നും അറിയിച്ചിട്ടുണ്ട്. മൂല്യവർദ്ധിത കർഷകന്റെ ഉൽപ്പന്നത്തിന്റെ വില വർദ്ധിപ്പിക്കുന്നതിന് കാർഷിക ഉൽപ്പന്ന സംസ്ക്കരണത്തിന് കൂടുതൽ ഊന്നൽ നൽകുകയും സഹകരണ മേഖലയിൽ കർഷകരുടേയും ഉൽപ്പാദകരുടേയും സഹായത്തോടെ കൂടുതൽ കാർഷിക സംസ്ക്കരണ യൂണിറ്റുകൾ

ആരംഭിക്കണമെന്നും ആവശ്യപ്പെട്ടിട്ടുണ്ട്. ഇൻഡോ ആസ്ട്രിയൻ സ്വതന്ത്ര വ്യാപാര കരാറിന്റെ സംരക്ഷിത പട്ടികയിൽ കേരളത്തിലെ കാർഷിക ഉൽപ്പന്നങ്ങൾ, പ്രകൃതിദത്ത റബ്ബർ, കയർ ഉൽപ്പന്നങ്ങൾ, സമുദ്രോൽപ്പന്നങ്ങൾ എന്നിവയെ ഉൾപ്പെടുത്തണമെന്നും സംസ്ഥാന സർക്കാർ കേന്ദ്ര സർക്കാരിനോട് ആവശ്യപ്പെട്ടിട്ടുണ്ട്. കാർഷിക പ്രതിസന്ധി പരിഗണിച്ച് കേരളത്തിലെ കാർഷിക വിളകളെ സംരക്ഷിത പട്ടികയിൽ ഉൾപ്പെടുത്തണമെന്ന് ആവശ്യപ്പെട്ടുകൊണ്ട് പ്രമേയം പാസ്സാക്കുന്ന കാര്യം ആലോചിക്കാവുന്നതാണ്.

## സബ്മിഷൻ

### (1) തൊഴിലാളികളുടെ പി.എഫ്. പെൻഷൻ സ്കീം പരിഷ്ക്കരണം

ശ്രീ. എ. എം. യൂസഫ്: വ്യവസായവുമായി ബന്ധപ്പെട്ട് പ്രവർത്തിക്കുന്ന ലക്ഷക്കണക്കിന് തൊഴിലാളികളുടെ പി.എഫ്. പെൻഷൻ കാലോചിതമായി പുതുക്കി നിശ്ചയിക്കുന്നതിന് കേന്ദ്ര ഗവൺമെന്റിൽ ശക്തമായ സമ്മർദ്ദം ചെലുത്തണം.

മുഖ്യമന്ത്രി (ശ്രീ. വി.എസ്. അച്ചുതാനന്ദൻ): പെൻഷൻ ഇംപ്ലിമെന്റേഷൻ കമ്മിറ്റിയുടേയും സെൻട്രൽ ബോർഡ് ഓഫ് ട്രസ്റ്റീസിന്റെയും ശുപാർശയുടെ അടിസ്ഥനത്തിൽ കേന്ദ്ര ഗവൺമെന്റ് 1995-ലെ എംപ്ലോയീസ് പെൻഷൻ പദ്ധതി ഭേദഗതി ചെയ്ത് ചില ആശ്വാസ നടപടികൾ പ്രഖ്യാപിച്ചിട്ടുണ്ടെങ്കിലും ഇതിൽ കാലോചിതമായ മാറ്റം വരുത്തേണ്ടതുണ്ട്. ഇതുസംബന്ധിച്ച വിദഗ്ദ്ധ ശുപാർശയുടെ അടിസ്ഥാനത്തിൽ പെൻഷൻ പദ്ധതിയിൽ ഭേദഗതി വരുത്തുന്ന കാര്യം പെൻഷൻ ഇംപ്ലിമെന്റേഷൻ കമ്മിറ്റിയും സെൻട്രൽ ബോർഡ് ഓഫ്

ട്രസ്റ്റീസും പരിശോധിച്ചു വരികയാണെന്ന് റീജിയണൽ പ്രോവിഡന്റ് ഫണ്ട് കമ്മീഷണറേറ്റിൽ നിന്നും വിവരം ലഭിച്ചിട്ടുണ്ട്. അന്തിമ തീരുമാനമായിട്ടില്ല. ഇക്കാര്യത്തിൽ എത്രയും വേഗം തീരുമാനം കൈക്കൊള്ളണമെന്ന് കേന്ദ്ര സർക്കാരിനോട് അഭ്യർത്ഥിക്കുന്നതാണ്.

### (2) പ്രീതാ ജോസിന്റെ ദുരൂഹ മരണം

ശ്രീ. വി.ഡി. സതീശൻ: എടത്വായിൽ ലൂർദ് മാതാ ആശുപത്രിയോടനുബന്ധിച്ചുള്ള മദർ സെന്താൾ നഴ്സിംഗ് സ്കൂളിൽ രണ്ടാംവർഷ നഴ്സിംഗ് വിദ്യർത്ഥിനിയായിരുന്ന പ്രീതാ ജോസിന്റെ ദുരൂഹ മരണം സംബന്ധിച്ച് ഒരു ഉന്നത പോലീസ് ഉദ്യോഗസ്ഥനെക്കൊണ്ട് വിശദമായ അന്വേഷണം നടത്തണം.

ആഭ്യന്തരവും വിനോദസഞ്ചാരവും വകുപ്പുമന്ത്രിക്കുവേണ്ടി നിയമവും പാർലമെന്ററികാര്യവും സ്പോർട്ട്സും യുവജനക്ഷേമവും തുറമുഖവും വകുപ്പുമന്ത്രി (ശ്രീ. എം. വിജയകുമാർ): ആലപ്പുഴ എടത്വാ പോലീസ് സ്റ്റേഷൻ അതിർത്തിയിലെ മദർ സെന്താൾ നഴ്സിംഗ് കോളേജിലെ രണ്ടാം വർഷ വിദ്യാർത്ഥിനിയായ പ്രീതാ ജോസ് 6-9-2007-ൽ ആത്മഹത്യ ചെയ്ത കേസ്സിൽ പോലീസ് ഒരു കേസ് രജിസ്റ്റർ ചെയ്ത് മാന്നാർ സർക്കിൾ ഇൻസ്പെക്ടറുടെ നേതൃത്വത്തിൽ അന്വേഷണം നടന്നുവരുന്നു. മെസ് ഫീസടയ്ക്കാത്തതു സംബന്ധിച്ച് ഹോസ്റ്റൽ അധികാരികൾ ആക്ഷേപിച്ച് സംസാരിച്ചതിലുള്ള മനോവിഷമമാണ് ആത്മഹത്യക്ക് കാരണമെന്ന ബന്ധുക്കളുടെ ആരോപണത്തിന്റെ അടിസ്ഥാനത്തിൽ ഇതു സംബന്ധിച്ച് സമഗ്രമായ അന്വേഷണം നടത്തുന്നതിന് ക്രൈംബ്രാഞ്ചിന് നിർദ്ദേശം നൽകുന്നതാണ്.

## (3) റിലീഫ് ക്യാമ്പുകളിൽ കഴിയുന്നവരുടെ പുനരധിവാസം

ശ്രീ. വി. സുരേന്ദ്രൻ പിള്ള: തീരപ്രദേശത്തുണ്ടായ കാലവർഷക്കെടുതി മൂലം വീടുകളും വസ്തുവകകളും നഷ്ടപ്പെട്ട് നിരവധി ആളുകളെ തിരുവനന്തപുരം വെസ്റ്റ് നിയോജകമണ്ഡലത്തിൽ ഏഴ് റിലീഫ് കേന്ദ്രങ്ങളിലായി പാർപ്പിച്ചിരിക്കുകയാണ്. ഇവരെയെല്ലാം സ്കൂളുകളിൽ പാർപ്പിച്ചിരിക്കുന്നതിനാൽ മത്സ്യത്തൊഴിലാളി കുട്ടികൾക്ക് പഠിക്കാൻ നിവൃത്തിയില്ലാത്ത സാഹചര്യമാണുള്ളത്. റിലീഫ് കേന്ദ്രങ്ങളിൽ താമസിക്കുന്നവരെ മാറ്റിപ്പാർപ്പിക്കാൻ ബദൽ സംവിധാനം ഏർപ്പെടുത്തു ന്നതിനും. സെമി പെർമനന്റ് ഷെഡ്ഡുകൾ സ്ഥിരമായി നിർമ്മിക്കുന്നതിനും അടിയന്തിര സംവിധാനം ഏർപ്പെടുത്തണം.

റവന്യൂ വകുപ്പുമന്ത്രി (ശ്രീ. കെ.പി. രാജേന്ദ്രൻ): തിരുവനന്തപുരത്ത് 10 റിലീഫ് ക്യാമ്പുകളിലായി അനവധി കുടുംബങ്ങളെ പാർപ്പിച്ചിട്ടുണ്ട്. പൂന്തുറയിലേയും പൂവാറിലേയും റിലീഫ് ക്യാമ്പുകളിൽ താമസിക്കുന്നവരെ താൽക്കാലിക ഷെഡ്ഡുകൾ നിർമ്മിച്ച് മാറ്റിപ്പാർപ്പിക്കുന്നതിന് തീരുമാനിച്ചിട്ടുണ്ട്. തിരുവനന്തപുരം വെസ്റ്റിലെ റിലീഫ് കേന്ദ്രങ്ങളിൽ താമസിക്കുന്നവരെ താൽക്കാലിക ഷെഡ്ഡുകളിലേയ്ക്ക് മാറ്റി പാർപ്പിക്കുന്നതിനുവേണ്ടി 24,70,303 രൂപയുടെ ഭരണാനുമതിക്കുവേണ്ടി ഒരു പദ്ധതി കൊണ്ടുവന്നിട്ടുണ്ട്. പ്രകൃതിക്ഷോഭ ദുരിതാശ്വാസ നിധിയിൽ നിന്നും ഇതിനാവശ്യമായ സംഖ്യ അനുവദിച്ചുകൊടുക്കാൻ മന്ത്രിസഭ തീരുമാനമെടുത്തിട്ടുണ്ട്.

## (4) ഡിസാസ്റ്റർ മാനേജുമെന്റിന് ഹെലികോപ്ടർ

ശ്രീ. ടി.എൻ. പ്രതാപൻ: കടലാക്രമണങ്ങളും പ്രകൃതിക്ഷോഭങ്ങളും ഉണ്ടാകുമ്പോൾ മൽസ്യത്തൊഴിലാളികളെ രക്ഷിക്കാൻ ഇന്നുള്ള

സംവിധാനങ്ങൾ തീരെ അപര്യാപ്തമാണ്. കോസ്റ്റ് ഗാർഡിന്റെയും നേവിയുടെയും സഹായം പൂർണ്ണതോതിൽ ലഭിക്കാറുമില്ല. കടലിലുണ്ടാകുന്ന അപകടങ്ങളിൽ നിന്നും മൽസ്യത്തൊഴിലാളികളെ രക്ഷിക്കുന്നതിനുവേണ്ടി ഡിസാസ്റ്റർ മാനേജുമെന്റ് സംവിധാനം ഉപയോഗപ്പെടുത്തി ഹെലികോപ്ടറുകൾ വാങ്ങുന്നതിനും ഹെലിപ്പാഡുകൾ നിർമ്മിക്കുന്നതിനും നടപടി സ്വീകരിക്കണം.

റവന്യൂ വകുപ്പുമന്ത്രി <u>(ശ്രീ. കെ.പി. രാജേന്ദ്രൻ):</u> പുറംകടലിലും തീരക്കടലിലുമുണ്ടായ കടൽക്ഷോഭത്തിൽനിന്നും മൽസ്യത്തൊഴിലാളികളെ രക്ഷിക്കാൻ അടിയന്തിര നടപടികൾ സ്വീകരിക്കുന്നതിന്റെ ഭാഗമായി ഹെലികോപ്ടർ വാങ്ങുന്നതിനെ സംബന്ധിച്ചും ഹെലിപ്പാഡ് നിർമ്മിക്കുന്നതിനെ സംബന്ധിച്ചും കേന്ദ്ര ദുരന്ത നിവാരണ അതോറിറ്റിയുമായി ചർച്ച ചെയ്തിട്ടുണ്ട്, അവരുടെ പരിഗണനയ്ക്കുവേണ്ടി സമർപ്പിക്കുന്നതാണ്.

### (5) <u>മിഠായിത്തെരുവ് തീപിടുത്തത്തിൽ നഷ്ടം സംഭവിച്ച കച്ചവടക്കാരുടെ പുനരധിവാസം</u>

<u>ശ്രീ. എ .പ്രദീപ്കുമാർ:</u> 4-4-2007-ൽ കോഴിക്കോട് മിഠായിത്തെരുവിലുണ്ടായ തീപിടുത്തത്തിൽ കോടിക്കണക്കിന് രൂപയുടെ നഷ്ടം സംഭവിക്കുകയും എട്ട് പേർ മരണമടയുകയും അനേകം പേർക്ക് പരിക്കേൽക്കുകയും ചെയ്തിട്ടുണ്ട്. മുഖ്യമന്ത്രിയും മന്ത്രിമാരും സ്ഥലം സന്ദർശിക്കുകയും ഫയർ ഫോഴ്സും മറ്റ് സന്നദ്ധ സംഘടനകളും സജീവമായി രക്ഷാപ്രവർത്തനത്തിൽ ഏർപ്പെടുകയും മരിച്ചവരുടെ ആശ്രിതർക്കും അപകടം സംഭവിച്ചവർക്കും ഗവൺമെന്റ് ധനസഹായം അനുവദിക്കുകയും ചെയ്തു. 9.1 കോടി രൂപയുടെ നഷ്ടമുണ്ടായതായി

റവന്യൂ വകുപ്പ് റിപ്പോർട്ട് ചെയ്തിട്ടുണ്ട്. തീപിടുത്തത്തിൽ ജീവിതമാർഗ്ഗം നഷ്ടപ്പെട്ട കച്ചവടക്കാരെ പുനധിവസിപ്പിക്കാനും കെട്ടിടങ്ങളുടെ പുനർ നിർമ്മാണത്തിനുവേണ്ടി കെട്ടിട നിർമ്മാണ ചട്ടങ്ങളിൽ ഇളവു വരുത്തുന്നതിനുമുള്ള നടപടികൾ സ്വീകരിക്കണം.

റവന്യൂ വകുപ്പുമന്ത്രി (ശ്രീ. കെ.പി. രാജേന്ദ്രൻ): മുഖ്യമന്ത്രിയുടെ ഫണ്ടിൽ നിന്നും തീപിടുത്തത്തിൽ മരണമടഞ്ഞവരുടെ കുടുംബങ്ങൾക്ക് ഒരു ലക്ഷം രൂപ വീതം ധനസഹായമായി അനുവദിച്ചു. 22-6-2007-ലെ സർക്കാർ ഉത്തരവ് പ്രകാരം പൊതുജനങ്ങളിൽ നിന്നും സമാഹരിക്കുന്ന തുക വിനിയോഗിക്കുന്നതിന് ഒരു കമ്മിറ്റി രൂപീകരിക്കുകയും മിഠായിത്തെരുവ് പുനരധിവാസ പ്രവർത്തനത്തിനുവേണ്ടി ഗവൺമെന്റ് 'സ്പെഷ്യൽ പർപ്പസ് വെഹിക്കിൾ പദ്ധതി' രൂപീകരിക്കുകയും ചെയ്തിട്ടുണ്ട്. ക്ഷേമിനിധിയിൽ നിന്നും എത്ര തുക ഈ പർപ്പസ്സിനുവേണ്ടി വിനിയോഗിക്കാമെന്നതിനെ സംബന്ധിച്ച് മന്ത്രിസഭാ തലത്തിൽ ചർച്ച നടത്തി അതിനാവശ്യമായ തുക കണ്ടെത്തി ഈ പദ്ധതി യാഥാർത്ഥ്യമാക്കി കച്ചവടക്കാരെ പുനരധിവസിപ്പിക്കാനും ആശ്വാസമെത്തിക്കാനും ആവശ്യമായ നടപടികൾ സ്വീകരിക്കുന്നതാണ്.

### (6) തണ്ണിത്തോട് പഞ്ചായത്തിലെ വാസുവിന്റെ മരണം

ശ്രീ. അടൂർ പ്രകാശ്: അടൂരിലെ തണ്ണിത്തോട് പഞ്ചായത്തിലെ മൂഴിയാർ പവർഹൗസിൽ നിന്നും പോകുന്ന 220 കെ.വി. ഹൈ ടെൻഷൻ ലൈനിൽ നിന്നും ഷോക്കേറ്റ് മരണമടഞ്ഞ വാസുവിന്റെ കുടുംബത്തിന് രണ്ട് ലക്ഷം രൂപയും പരിക്കേറ്റ ആറ് പേർക്ക് ഒരു ലക്ഷം രൂപയും വീതം

അടിയന്തിര സഹായമായി അനുവദിക്കണം. അടിക്കാട് സമയാസമയങ്ങളിൽ വെട്ടിമാറ്റണം.

പട്ടികസമുദായക്ഷേമവും ഊർജ്ജവും വകുപ്പുമന്ത്രി (ശ്രീ. എ.കെ. ബാലൻ): അടൂരിലെ തണ്ണിത്തോട് പഞ്ചായത്തിലെ മൂഴിയാർ പവർഹൗസിൽ നിന്നും പോകുന്ന 220 കെ.വി. സിംഗിൾ സർക്ക്യൂട്ട് ലൈനിൽ നിന്നും വൈദ്യുത ഷോക്കേറ്റ് വാസു എന്ന ആൾ മരണമടയുകയും എട്ട് പേർക്ക് പരിക്കേൽക്കുകയും ചെയ്തു. 26-8-2007-ൽ നിർത്തിവച്ചിരുന്ന അടിക്കാടിന്റെ പണി പുനരാരംഭിച്ച വിവരം കരാർ തൊഴിലാളികൾ വൈദ്യുതി ബോർഡിലെ ഉദ്യോഗസ്ഥരെ അറിയിക്കുകയോ പ്രവൃത്തി ചെയ്യുന്നതിന് ലൈൻ ഓഫാക്കാൻ ആവശ്യപ്പെടുകയോ പെർമിറ്റെടുക്കുകയോ ചെയ്തിട്ടില്ല. 220 കെ.വി. ലൈൻ വനപ്രദേശത്തുകൂടിയാണ് കടന്നുപോകുന്നത് ക്ലിയറൻസില്ലാത്ത സ്ഥലങ്ങളിൽ വനത്തിനടിയിലുള്ള മണ്ണ് നീക്കം ചെയ്ത് സുരക്ഷിതത്വം ഉറപ്പു വരുത്താൻ കെ.എസ്.ഇ.ബി.ക്ക് നിർദ്ദേശം നല്കിയിട്ടുണ്ട്. വാസുവിന്റെ ശവസംസ്ക്കാര ചടങ്ങുകൾക്ക് അയ്യായിരം രൂപ നൽകുകയും അദ്ദേഹത്തിന്റെ കുടുംബത്തിന് 50,000 രൂപ നൽകാൻ നിർദ്ദേശം നൽകുകയും ചെയ്തിട്ടുണ്ട്.

### (7) സുനാമി ഫണ്ടുപയോഗിച്ച് നൽകുന്ന സ്കോളർഷിപ്പ് വിതരണം.

ശ്രീ. എ. എം. ആരിഫ്: എം.എൽ.എ.മാർ, എം.പി. മാർ എന്നിവരുമായി ആലോചിച്ചു മാത്രമേ സുനാമി ഫണ്ട് ചെലവഴിക്കാൻ പാടുള്ളൂവെന്ന മാർഗ്ഗനിർദ്ദേശത്തെ മറികടന്നുകൊണ്ട് എട്ട് കോടി രൂപയുടെ സുനാമി ഫണ്ടുപയോഗിച്ച് സർക്കാർ വിദ്യാഭ്യാസ സ്ഥാപനങ്ങളുടെ നവീകരണവും പുനരുദ്ധാരണവും നടത്തുന്നതായി വാർത്തകൾ വന്നു. സുനാമി

ദുരന്തത്തിന് എയിഡഡ് സ്കൂളുകളും സർക്കാർ സ്കൂളുകളും ഇരയായിട്ടുണ്ട്. എയിഡഡ് സ്കൂളുകളുടെ പുനരുദ്ധാരണത്തിനും നവീകരണത്തിനും പ്രത്യേക പരിഗണന നൽകണം. സർക്കാർ സ്കൂളുകളെ മാത്രം പരിഗണിക്കണമെന്ന കേന്ദ്രസർക്കാർ നയം തിരുത്താൻ നടപടി സ്വീകരിക്കണം. സ്കോളർഷിപ്പിന്റെ കാര്യത്തിലുള്ള വിവേചനം അവസാനിപ്പിക്കണം. സൂനാമി ഫണ്ട് വിതരണത്തിലെ അപാകത പരിഹരിക്കുന്നതിന് അടിയന്തിര നടപടി സ്വീകരിക്കണം.

റവന്യൂ വകുപ്പുമന്ത്രി (ശ്രീ. കെ.പി. രാജേന്ദ്രൻ): ഭവന നിർമ്മാണം, അടിസ്ഥാന പശ്ചാത്തല സൗകര്യം, സാമൂഹ്യ പശ്ചാത്തല സൗകര്യം, തീരദേശ സംരക്ഷണം എന്നീ നാല് മേഖലകളിലാണ് സൂനാമി ഫണ്ട് പ്രധാനമായും ഉപയോഗിക്കുന്നത്. അതിന് നിശ്ചിത തുകയും മാറ്റിവച്ചിട്ടുണ്ട്. ഡിസ്ട്രിക്ട് ലെവൽ മോണിറ്ററിംഗ് കമ്മിറ്റി അംഗീകരിച്ച് ബന്ധപ്പെട്ട ഭരണവകുപ്പുകൾ മുൻഗണനാക്രമം നിശ്ചയിച്ച് സമർപ്പിച്ച ലിസ്റ്റ് എസ്.എൽ.ഇ.സി. അംഗീകരിച്ചാണ് കേന്ദ്ര സർക്കാരിന്റെ അംഗീകാരത്തിനായി അയച്ചത്. സ്കൂളുകൾ തെരഞ്ഞെടുക്കുന്നതിന് മുൻഗണനാക്രമം നിശ്ചയിച്ചത് അതാതു ഭരണവകുപ്പുകളാണ്. നിലവിലുള്ള മാർഗ്ഗനിർദ്ദേശമനുസരിച്ച് സർക്കാർ സ്കൂളുകളുടെ പുനരുദ്ധാരണം മാത്രമേ സൂനാമി പുനരധിവാസ പദ്ധതിയിൽ ഏറ്റെടുക്കാൻ കഴിയുകയുള്ളൂ. ഇതിനാവശ്യമായ ഫണ്ട് അനുവദിക്കുന്നത് കേന്ദ്ര ഗവൺമെന്റാണ്. എം.എൽ.എ.മാരുമായി ചർച്ച ചെയ്ത് എന്തെങ്കിലും മാർഗ്ഗം കണ്ടെത്താനാകുമോ എന്ന് പരിശോധിക്കാം. ഈ പദ്ധതിയിൽ ഏതെങ്കിലും സർക്കാർ സ്കൂളുകളേയോ പ്രദേശങ്ങളേയോ വിട്ടുപോയിട്ടുണ്ടെങ്കിൽ അത് ബന്ധപ്പെട്ട വകുപ്പിന്റെ ശ്രദ്ധയിൽ കൊണ്ടുവരേണ്ടതുണ്ട്. സൂനാമി

പുനരധിവാസ പദ്ധതിയിൽ സ്കൂളുകളുടെ പുനരധിവാസം ഏറ്റെടുക്കുന്നത് നിലവിലുള്ള ചട്ടങ്ങളും നോംസും അനുസരിച്ചാണ്. സ്കോളർഷിപ്പിന്റെ കാര്യത്തിൽ എയിഡഡ് സ്കൂളുകളെക്കൂടി ഉൾപ്പെടുത്തണമെന്ന് നിബന്ധനയുണ്ട്.

## (8) ഐ.ടി.ഐ സ്ഥാപിക്കാൻ സ്ഥലം

ശ്രീ. പി.കെ. അബ്ദുറബ്ബ്: മുസ്ലീം ഐ.ടി.ഐ-ക്ക് സ്ഥലം നൽകുന്നതിന് കോഴിക്കോട് സർവ്വകലാശാലയുടെ മുഴുവൻ സ്ഥലങ്ങളും അളന്ന് തിട്ടപ്പെടുത്തണമെന്നുള്ള നോമിനേറ്റഡ് സിൻഡിക്കേറ്റിന്റെ തീരുമാനം അപലപനീയവും പ്രതിഷേധാർഹവുമാണ്. അവിടത്തെ സിൻഡിക്കേറ്റ് മുസ്ലീം വിരുദ്ധ തീരുമാനങ്ങളാണ് എടുത്തുകൊണ്ടിരിക്കുന്നത്. ഈ സിൻഡിക്കേറ്റിന്റെ തീരുമാനം പുനപരിശോധിക്കാനും അവിടെ ഐ.ടി.ഐ സ്ഥാപിക്കാനുള്ള സ്ഥലവും മറ്റ് സൗകര്യങ്ങളുണ്ടാക്കാനുമുള്ള നിർദ്ദേശം സർവ്വകലാശാലയ്ക്ക് കൊടുക്കണം.

വിദ്യാഭ്യാസവും സാംസ്ക്കാരികകാര്യവും വകുപ്പുമന്ത്രി (ശ്രീ. എം.എ. ബേബി): 19-7-2007-ന് ചേർന്ന കോഴിക്കോട് സർവ്വകലാശാലയുടെ സിൻഡിക്കേറ്റ് യോഗം സർവ്വകലാശാലയുടെ സ്ഥലം വിട്ടുകൊടുക്കണമെന്നാണ് തീരുമാനിച്ചിരിക്കുന്നത്. സ്ഥലം അളന്ന് തിട്ടപ്പെടുത്തുന്ന ജോലി വളരെ വേഗത്തിൽ പൂർത്തിയാക്കി ഉറുദു ഐ.ടി.ഐ സ്ഥാപിക്കാൻ വേണ്ട സ്ഥലം വിട്ടുകൊടുക്കാൻ വളരെ ഉൽസാഹപൂർവ്വം മുന്നോട്ടുപോകണമെന്ന കാര്യം കോഴിക്കോട് സർവ്വകലാശാലയുടെ ശ്രദ്ധയിൽപ്പെടുത്തുന്നതാണ്.

(9) <u>മദ്രസ ഗ്രാന്റ് -ഇൻ- എയിഡ് ബോർഡ് പുനഃസംഘടന.</u>

<u>ശ്രീ. പി.ടി.എ. റഹീം</u>: മദ്രസ നവീകരണ പദ്ധതിയനുസരിച്ച് മദ്രസകൾക്ക് ഗ്രാന്റ് ലഭിക്കാൻ ഇടയായത് ഈ ഗവൺമെന്റ് അധികാരത്തിൽ വന്നതിനുശേഷമാണ്. പുതിയ അപേക്ഷകൾ പ്രോസസ്സ് ചെയ്യാനുള്ള സംവിധാനങ്ങളൊന്നും ഇപ്പോൾ നിലവിലില്ലാത്തതുകൊണ്ട് കേന്ദ്ര ഗവൺമെന്റിന് പുതിയ അപേക്ഷകൾ ഫോർവേഡ് ചെയ്യാൻ സാധിക്കാത്ത അവസ്ഥയാണുള്ളത്. അതിന് പരിഹാരം കാണണം.

വിദ്യാഭ്യാസവും സാംസ്ക്കാരികകാര്യവും വകുപ്പുമന്ത്രി <u>(ശ്രീ. എം.എ. ബേബി)</u>: മദ്രസ നവീകരണ പദ്ധതി പ്രകാരമുള്ള തുക വിതരണം ചെയ്യുന്നതിലും അപേക്ഷകൾ യഥാസമയം പരിശോധിച്ച് നടപടി സ്വീകരിക്കുന്നതിലുമുള്ള പോരായ്മകളെ സംബന്ധിച്ച് പറഞ്ഞ കാര്യം അടിയന്തിര പ്രാധാന്യത്തോടുകൂടി പരിശോധിച്ച് പരിഹരിക്കാനാവശ്യമായ നടപടി സ്വീകരിക്കും. ഡി.പി.ഐ തലത്തിലും ഡെപ്യൂട്ടി ഡയറക്ടർ ഓഫ് എഡ്യൂക്കേഷൻ തലത്തിലും അതിനാവശ്യമായ സംവിധാനമേർപ്പെടുത്തും.

(10) <u>കെ.എസ്.ആർ.ടി.സി ജീവനക്കാരുടെ അപര്യാപ്തത</u>

<u>ശ്രീമതി പി. അയിഷാ പോറ്റി</u>: ഏറ്റവും കൂടുതൽ സർവ്വീസുകൾ നടത്തുന്ന കൊട്ടാരക്കര കെ.എസ്.ആർ.ടി.സി ഡിപ്പോയിൽ പെർമെനന്റ് സ്റ്റാഫിനേക്കാൾ കൂടുതലുള്ളത് എംപാനൽ ഡ്രൈവർമാരും കണ്ടക്ടർമാരുമാണ്. അവർ പലപ്പോഴും കൃത്യമായി ജോലിക്ക് ഹാജരാകാത്തതുകൊണ്ട് ഷെഡ്യൂളുകൾ റദ്ദാക്കുന്നത് അവിടത്തെ ജനങ്ങൾക്ക് വളരെയധികം ബുദ്ധിമുട്ടുണ്ടാക്കുന്നു. കൊട്ടാരക്കര മണ്ഡലത്തിൽ നിന്നും കുരാ വഴി ഒരു പ്രൈവറ്റ് ബസ് കുത്തകയായി സർവ്വീസ് നടത്തുന്നുണ്ട്. ആ സർവ്വീസ് കെ.എസ്.ആർ.ടി.സി ഏറ്റെടുത്ത്

നടത്തിയാൽ കെ.എസ്.ആർ.ടി-സിക്ക് നല്ല ലാഭമുണ്ടാകും. കൊട്ടാരക്കര ഡിപ്പോയ്ക്ക് കൂടുതൽ പുതിയ ബസ്സുകൾ അനുവദിക്കുകയും സർവ്വീസുകൾ കാര്യക്ഷമമായി നടത്തുകയും ചെയ്യണം.

ഗതാഗതവും പ്രിന്റിംഗും സ്റ്റേഷനറിയും വകുപ്പുമന്ത്രി (ശ്രീ. മാത്യു.ടി. തോമസ്): കൊട്ടരക്കര ഡിപ്പോയിലെ 289 കണ്ടക്ടർമാരിൽ 159 പേരും 290 ഡ്രൈവർമാരിൽ 149 പേരും ദിവസ വേതനക്കാരാണ്. അവർ ചിലപ്പോൾ ജോലിക്ക് ഹാജരാകാത്തത് സർവ്വീസ് ക്യാൻസലേഷന് കാരണമാകുന്നുണ്ട്. കൊട്ടാരക്കരയിൽ ശരാശരി 90 ഷെഡ്യൂളുകൾ വരെ ഓപ്പറേറ്റ് ചെയ്തിരുന്ന സ്ഥാനത്ത് ഇപ്പോൾ 95 ഷെഡ്യൂളുകൾ വരെ ഓപ്പറേറ്റ് ചെയ്തുകൊണ്ടിരിക്കുകയാണ്. കൊല്ലം ചെങ്കോട്ട തീവണ്ടിപ്പാതയുടെ ഗേജ് മാറ്റവുമായി ബന്ധപ്പെട്ട് ഈ മേഖലയിലെ യാത്രാക്ളേശം പരിഹരിക്കുന്നതിന് കൂടുതൽ സർവ്വീസ് നടത്തുന്നുണ്ട്. പുതിയ ബസ്സുകൾ നിരത്തിലിറക്കുമ്പോൾ എല്ലാ പ്രദേശത്തും എത്തിക്കുന്നതിനുള്ള ശ്രമം നടത്തുന്നതാണ്.

## (11) കൃഷി നാശത്തിന് നഷ്ടപരിഹാരം

ശ്രീ. റോഷി അഗസ്റ്റിൻ: ഇടുക്കി ജില്ലയിൽ കഴിഞ്ഞ കാലവർഷക്കെടുതിയിൽ കൃഷിനാശം സംഭവിച്ച കൃഷിക്കാർക്ക് നഷ്ടപരിഹാരം നൽകുന്നതിന് അപേക്ഷയോടൊപ്പം കരം അടച്ച രസീതുകൂടി നൽകണമെന്നുള്ള നിബന്ധന അത് ലഭ്യമാകാൻ തടസ്സമായി നിൽക്കുകയാണ്.. ഇതുമൂലം പട്ടയമില്ലാത്ത കൈവശ ഭൂമിയിൽ കൃഷി ചെയ്യുന്നവർ വളരെ ദുരിതത്തിലാണ്. കഴിഞ്ഞ കാലങ്ങളിൽ കൊടുത്തിരുന്നതുപോലെ കൈവശഭൂമിയിൽ കൃഷി ചെയ്തുവരുന്ന

കൃഷിക്കാർക്കും നഷ്ടപരിഹാരം നൽകുന്നതിനുള്ള അടിയന്തിര നടപടി സ്വീകരിക്കണം.

കൃഷി വകുപ്പുമന്ത്രി (ശ്രീ. മുല്ലക്കര രത്നാകരൻ): കാലവർഷക്കെടുതിയിൽ കൃഷിനാശം സംഭവിച്ച പട്ടയമില്ലാത്ത കൃഷിക്കാർക്ക് നഷ്ടപരിഹാരം ലഭിക്കുന്നതിന് തടസ്സം നേരിടുന്ന പ്രശ്നം സർക്കാരിന്റെ ശ്രദ്ധയിൽപ്പെട്ടിട്ടുണ്ട്. കൃഷി നാശത്തിന് ഇരുപതിനായിരം രൂപയിൽ കൂടുതൽ ധനസഹായം നൽകാനുള്ള അധികാരം കൃഷി ഡയറക്ടർക്കാണുള്ളത്. ഇപ്രകാരമുള്ള അപേക്ഷകളിൽ കാലതാമസം ഒഴിവാക്കി തീർപ്പ് കൽപ്പിക്കുന്നതിനാവശ്യമായ സർട്ടിഫിക്കറ്റുകളുടേയും രേഖകളുടേയും വിശദ വിവരങ്ങൾ അറിയിച്ചുകൊണ്ടുള്ള സർക്കുലർ ജില്ലാ കൃഷി ആഫീസർമാർക്ക് കൃഷി ഡയറക്ടർ മുഖാന്തിരം നൽകിയിരുന്നു. ഇടുക്കി ജില്ലയിലെ കൈവശകൃഷിക്കാർക്ക് കൃഷി നാശത്തിന് ധനസഹായം ലഭിക്കുന്നതിന് തടസ്സമുണ്ടാകുന്ന പ്രശ്നം കർഷക സംഘടനകൾ ഗവൺമെന്റിന്റെ ശ്രദ്ധയിൽ കൊണ്ടുവന്നതിനെത്തുടർന്ന് 22-8-2007-ൽ കൃഷി ഡയറക്ടർ ഒരു സർക്കുലർ പുറപ്പെടുവിച്ചുണ്ട്. ഇതിന്റെ അടിസ്ഥാനത്തിൽ പട്ടയമില്ലാത്ത കൈവശക്കാർക്കും കൃഷിനാശത്തിനുള്ള സഹായം നൽകുന്നതിനുള്ള സംവിധാനം ഉണ്ടാക്കിയിട്ടുണ്ട്.

**(12) വാട്ടർ ട്രാൻസ്പോർട്ട് ഡിപ്പാർട്ടുമെന്റിൽ ഡയറക്ടറും മെക്കാനിക്കൽ എഞ്ചിനീയറും ഇല്ലാത്ത സാഹചര്യം.**

ശ്രീ. സി.കെ. സദാശിവൻ : വാട്ടർ ട്രാൻസ്പോർട്ട് ഡിപ്പാർട്ടുമെന്റിൽ ഡയറക്ടറേയും മെക്കാനിക്കൽ എഞ്ചിനീയറേയും നിയമിക്കുന്നതിനും. കിൻകോയിൽ നിന്ന് വാങ്ങിയ പത്ത് ഫൈബർ ബോട്ടുകൾക്ക് ഫിറ്റ്നസ്

സർട്ടിഫിക്കറ്റ് നൽകി യാത്രാക്ലേശം പരിഹരിക്കുന്നതിനും നടപടി സ്വീകരിക്കണം.

ഗതാഗതവും പ്രിന്റിംഗും സ്റ്റേഷനറിയും വകുപ്പുമന്ത്രി (ശ്രീ. മാത്യു.ടി. തോമസ്): വാട്ടർ ട്രാൻസ്പോർട്ട് ഡിപ്പാർട്ടുമെന്റിലെ ഡയറക്ടറുടെ ചുമതല മോട്ടോർ വെഹിക്കിൾസ് ഡിപ്പാർട്ടുമെന്റിലെ സീനിയർ ഡെപ്യൂട്ടി ട്രാൻസ്പോർട്ട് കമ്മീഷണർക്ക് കൊടുത്തിരിക്കുകയാണ്. പലതവണ ഈ തസ്തിക നികത്താൻ ശ്രമിച്ചെങ്കിലും കോടതി ഉത്തരവ് പ്രകാരമാണ് ചെയ്യാൻ സാധിക്കാത്തത്. കോടതി ഉത്തരവിൽ നിന്ന് ഒഴിവായി കിട്ടുന്ന അവസരത്തിൽ ഡയറക്ടറെ നിയമിക്കുന്നതിനുള്ള നടപടി സ്വീകരിക്കുന്നതാണ്. 1990-ൽ മെക്കാനിക്കൽ എഞ്ചിനീയറുടെ തസ്തിക സൃഷ്ടിച്ചെങ്കിലും ഇതുവരെ സ്പെഷ്യൽ റൂൾസ് ഉണ്ടാക്കാതിരുന്നതിനാൽ അതിനുവേണ്ടിയുള്ള . നടപടികൾ ആരംഭിച്ചിട്ടുണ്ട്. കിൻകോയിൽ . നിന്ന് വാങ്ങിയ പത്ത് ഫൈബർ ബോട്ടുകൾക്ക് ഫിറ്റ്നസ് സർട്ടിഫിക്കറ്റ് ലഭ്യമാക്കുന്നതിന് ബന്ധപ്പെട്ട നിയമങ്ങളിൽ ഭേദഗതി വരുത്താൻ ജലവിഭവ വകുപ്പ് തീരുമാനിച്ചിട്ടുണ്ട്.

### (13) കനാലുകളുടെ സൗന്ദര്യവൽക്കരണം

ശ്രീ. കെ.സി. വേണുഗോപാൽ : ആലപ്പുഴയിലെ കനാലുകളുടെ സൗന്ദര്യവൽക്കരണത്തിന്റെ ഉത്തരവാദിത്വം കനാൽ മാനേജുമെന്റ് സൊസൈറ്റിക്കാണ്. ആ സൊസൈറ്റിക്ക് ഒരു എക്സിക്യൂട്ടീവ് ആഫീസറെ നിയമിക്കാൻ വേണ്ടി രണ്ട് പ്രാവശ്യം ടൂറിസം വകുപ്പുമന്ത്രിയുടെ അദ്ധ്യക്ഷതയിൽ കൂടിയ യോഗം തീരുമാനമെടുത്തിരുന്നുവെങ്കിലും നാളിതുവരെ നിയമിക്കാൻ സാധിച്ചിട്ടില്ല. പ്രസ്തുത എക്സിക്യൂട്ടീവ് ആഫീസറെ നിയമിക്കാനുള്ള നടപടി സ്വീകരിക്കണം.

ആഭ്യന്തരവും വിനോദസഞ്ചാരവും വകുപ്പുമന്ത്രിക്കുവേണ്ടി നിയമവും പാർലമെന്ററികാര്യവും സ്പോർട്ട്സും യുവജനക്ഷേമവും തുറമുഖവും വകുപ്പുമന്ത്രി (ശ്രീ. എം. വിജയകുമാർ): ആലപ്പുഴ കനാലുകളുടെ മെയിന്റനൻസ് ഉറപ്പുവരുത്തേണ്ടത് കനാൽ മാനേജുമെന്റ് സൊസൈറ്റികളാണ്. ടൂറിസം വകുപ്പ് അതിനുള്ള സാമ്പത്തിക സഹായം സൊസൈറ്റികൾക്ക് നൽകുന്നുണ്ട്. ഒരു മുഴുവൻ സമയ സി.ഇ.ഒ-യെ നിയമിക്കുന്ന കാര്യത്തിന് പ്രത്യേക പരിഗണന നൽകി അടിയന്തിര നടപടി സ്വീകരിക്കുന്നതാണ്.

### (14) കടമ്പ്രയാറിലെ ശുദ്ധജല ലഭ്യത

ശ്രീ. എം.എം. മോനായി : എറണാകുളം ജില്ലയിലെ കടമ്പ്രയാറിലെ ചെളി നീക്കി ഡ്രഡ്ജ് ചെയ്ത് പുഴയുടെ ആഴം വർദ്ധിപ്പിക്കാനും ശുദ്ധജല ലഭ്യത ഉറപ്പുവരുത്താനും നടപടി സ്വീകരിക്കണം.

ജലവിഭവ വകുപ്പുമന്ത്രി (ശ്രീ. എൻ.കെ. പ്രേമചന്ദ്രൻ) : കടമ്പ്രയാറിന്റെ നവീകരണത്തിനായി പതിനൊന്നര കോടി രൂപയുടെ ബൃഹത്തായ പദ്ധതി കേന്ദ്ര സഹായത്തോടുകൂടി നടപ്പാക്കുന്നതിനുള്ള നടപടി സ്വീകരിച്ചുവരുന്നു. ആഴംകൂട്ടൽ, പാർശ്വഭിത്തി കെട്ടൽ, ജെട്ടി നിർമ്മാണം, ടെർമിനൽ നിർമ്മാണം എന്നീ പ്രവൃത്തികൾ ഈ പദ്ധതിയിൽ ഉൾപ്പെടുത്തിയിട്ടുണ്ട്. വെള്ളക്കെട്ടായ പ്രദേശങ്ങളിൽ നീരൊഴുക്ക് സുഗമമാക്കി കൃഷിക്കനുയോജ്യമാക്കുന്നതിനുവേണ്ടി.യുള്ള ഒരു പദ്ധതിയും സർക്കാരിന്റെ പരിഗണനയിലാണ്.

**(15) തെങ്ങിൽ നിന്നും നീരയും ശർക്കരയും ഉൽപ്പാദനം**

ശ്രീ. എം.കെ.. പ്രേംനാഥ് : നാളികേരകൃഷിക്കാരെ പ്രതിസന്ധിയിൽ നിന്നും രക്ഷിക്കാനായി തെങ്ങിൽ നിന്നും നീരയും ശർക്കരയും ഉൽപ്പാദിപ്പിക്കുന്നതിനാവശ്യമായ നടപടി സ്വീകരിക്കണം.

കൃഷി വകുപ്പുമന്ത്രി (ശ്രീ. മുല്ലക്കര രത്നാകരൻ): കേരശ്രീ പദ്ധതിയിലൂടെ നീര പോലുള്ള ലഹരി വിമുക്തമായ ഒരു ലഘു പാനീയം വിതരണം ചെയ്യാനുള്ള പദ്ധതി ആവിഷ്ക്കരിക്കാൻ കേരള കാർഷിക സർവ്വകലാശാലയെ ചുമതലപ്പെടുത്തിയിട്ടുണ്ട്. അഗ്രോ ഇൻഡസ്ട്രീസ് കോർപ്പറേഷൻ ഉൽപ്പാദിപ്പിക്കുന്ന കോക്കനട്ട് ചിപ്സിന്റെ ഉദ്ഘാടനം ഈ മാസം 25-ാം .തീയതി പ്രസ്സ് ക്ളബ്ബിൽവച്ച് ഉദ്ഘാടനം ചെയ്യുന്നുണ്ട്.

**(16) മഞ്ചേശ്വരം ചെക്ക്പോസ്റ്റ് നവീകരണം**

ശ്രീ. സി.എച്ച്. കുഞ്ഞമ്പു : മഞ്ചേശ്വരം ചെക്ക്പോസ്റ്റിലെ അടിസ്ഥാന സൗകര്യങ്ങൾ വർദ്ധിപ്പിച്ച് വേയിംഗ് മെഷീൻ, സ്കാനിംഗ് മെഷീൻ എന്നിവ സ്ഥാപിച്ച് അഴിമതി വിമുക്തമാക്കി പ്രസ്തുത ചെക്ക്പോസ്റ്റ് നവീകരിക്കാനാവശ്യമായ നടപടികൾ സ്വീകരിക്കണം.

ധനകാര്യ വകുപ്പുമന്ത്രി (ഡോ. തോമസ് ഐസക്): മഞ്ചേശ്വരം ചെക്ക്പോസ്റ്റ് വാളയാർ മാതൃകയിൽ നവീകരിച്ച് അഴിമതിരഹിതമാക്കുന്നതുമായി ബന്ധപ്പെട്ട ഔപചാരിക പ്രഖ്യാപനം നവംബർ 1-ന് നടത്തുന്നതാണ്. അന്നുതന്നെ ജീവനക്കാർക്ക് താമസ സൗകര്യമുൾപ്പെടെയുള്ള രണ്ട് നില കെട്ടിടത്തിന്റെ തറക്കല്ലിടും. അതിനുമുമ്പായി വാഹനങ്ങൾ പരിശോധിക്കുന്നതിനുള്ള ഉയർന്ന പ്ളാറ്റ്ഫോം, മലിനജലം ഒഴുക്കിവിടുന്നതിനുള്ള ഓട, മലിനജലം സംഭരിക്കുന്നതിനുള്ള പ്ളാന്റ്, കുടുംബശ്രീ നടത്തുന്ന ക്യാന്റീൻ എന്നിവയുടെ നിർമ്മാണം പൂർത്തീകരിക്കുകയും ചെയ്യും.

## (17) പറമ്പിൽനിന്ന് ആയുധശേഖരം

ശ്രീ.എം. പ്രകാശൻ മാസ്റ്റർ : കഴിഞ്ഞ ദിവസം വളപട്ടണം പഞ്ചായത്തിലെ ആളൊഴിഞ്ഞ പറമ്പിൽനിന്ന് 65 മീറ്ററിലധികം നീളമുള്ള 25-ഓളം വാളുകളടങ്ങിയ ആയുധശേഖരം കണ്ടെടുക്കുകയുണ്ടായി. രണ്ട് വർഷംമുമ്പ് വളപട്ടണം സ്റ്റേഷൻ അതിർത്തിയിൽ ബോംബ് ഉൾപ്പെടെയുള്ള ആയുധശേഖരം കണ്ടെത്തിയെങ്കിലും ഇതുവരെ കുറ്റവാളികളെ കണ്ടെത്താൻ കഴിഞ്ഞിട്ടില്ല. വർദ്ധിച്ചുവരുന്ന തീവ്രവാദ പ്രവർത്തനം ജനങ്ങളിൽ ഭീതി പരത്തുന്നുണ്ട്. തീവ്രവാദ പ്രവർത്തനവുമായി ബന്ധപ്പെട്ട ഈ ആയുധശേഖരങ്ങളുടെ ഉറവിടം അന്വേഷിച്ചറിയാനും കുറ്റവാളികളെ കണ്ടെത്തി ജനങ്ങളുടെ ഭീതിയകറ്റുന്നതിനും അടിയന്തിര നടപടി സ്വീകരിക്കണം.

ആഭ്യന്തരവും വിനോദസഞ്ചാരവും വകുപ്പുമന്ത്രിക്കുവേണ്ടി നിയമവും പാർലമെന്ററികാര്യവും സ്പോർട്ട്സും യുവജനക്ഷേമവും തുറമുഖവും വകുപ്പുമന്ത്രി (ശ്രീ.എം. വിജയകുമാർ): 01-09-2007-ന് കണ്ണൂർ വളപട്ടണം പോലീസ് സ്റ്റേഷൻ അതിർത്തിയിൽ മിൽ റോഡിന് അടുത്ത് പ്ളാസ്റ്റിക് ചാക്കിൽ പൊതിഞ്ഞ നിലയിൽ കാണപ്പെട്ട മൂർച്ചയുള്ള വാളുകൾ പോലീസ് ബന്തവസ്സിൽ എടുക്കുകയുണ്ടായി. ആയുധ നിയമപ്രകാരം കേസ് രജിസ്റ്റർ ചെയ്ത് അന്വേഷണം നടത്തിയതിനെത്തുടർന്ന് 13-09-2007-ന് മൂന്ന് പ്രതികളെ അറസ്റ്റ് ചെയ്ത് കണ്ണൂർ കോടതിയിൽ ഹാജരാക്കി റിമാൻഡിൽ പാർപ്പിച്ചിരിക്കുകയാണ്. മറ്റ് പ്രതികളെ കണ്ടെത്തുന്നതിന് ഊർജ്ജിത അന്വേഷണം നടത്തിവരികയാണ്. 06-12-2005-ന് വളപട്ടണം പോലീസ് സ്റ്റേഷൻ അതിർത്തിയിൽ കുമ്മായക്കടവിൽനിന്ന് കണ്ടെത്തിയ പൈപ്പ് ബോംബ്, നാടൻ ബോംബ്, പി.വി.സി. പൈപ്പ് എന്നിവ പോലീസ് ബന്തവസ്സിൽ എടുക്കുകയും കേസ് രജിസ്റ്റർ ചെയ്ത് അന്വേഷണം നടത്തുകയും

ചെയ്തുവെങ്കിലും പ്രതികളെ സംബന്ധിച്ച സൂചന ലഭിക്കാതിരുന്നതിനാൽ കേസ് ക്രൈംബ്രാഞ്ചിന് കൈമാറുകയുണ്ടായി. അന്വേഷണം നടത്തി പ്രതികളെ കണ്ടുപിടിക്കുന്നതിന് കർശന നിർദ്ദേശം നൽകുന്നതാണ്.

### (18) മുസ്ളീം ലീഗ് നേതാക്കൾക്ക് നേരെയുണ്ടായ ആക്രമണം

ശ്രീ. സി.ടി. അഹമ്മദ് അലി : റോഡുകളുടെ ശോച്യാവസ്ഥ പരിഹരിക്കുന്നതിന് 10-09-2007-ന് രാവിലെ 11.00 മണിക്ക് യു.ഡി.എഫ്. പ്രവർത്തകർ കണ്ണൂർ ജില്ലയിലെ കാഞ്ഞങ്ങാട് റോഡ് ഉപരോധിക്കുകയുണ്ടായി. തുടർന്ന് റോഡിലെ കുണ്ടും കുഴിയും അടയ്ക്കുന്നതിനുള്ള പ്രവർത്തനങ്ങളിലേർപ്പെട്ട മുസ്ളീം ലീഗ് പ്രവർത്തകരെ സി.പി.ഐ.(എം)-സി.ഐ.ടി.യു പ്രവർത്തകർ മർദ്ദിച്ച് പരിക്കേല്പിക്കുകയുണ്ടായി. പിറ്റേ ദിവസം നടത്തിയ പ്രതിഷേധ മാർച്ചിനു നേരെയും ഇത്തരത്തിലുള്ള ആക്രമണം ഉണ്ടാകുകയും പരിക്കുപറ്റിയവർ ആശുപത്രിയിൽ കഴിയുകയുമാണ്. പോലീസിന് സ്ഥലം കാണിച്ചുകൊടുക്കാൻ പോയ മുനിസിപ്പൽ കൗൺസിലറെ മർദ്ദിച്ചതിനെത്തുടർന്ന് അദ്ദേഹത്തെ ആശുപത്രിയിൽ അഡ്മിറ്റ് ചെയ്തിരിക്കുകയാണ്. മറ്റൊരു മുനിസിപ്പൽ കൗൺസിലറുടെ കാർ അടിച്ചുപൊളിക്കുകയുണ്ടായി. മുസ്ളീം ലീഗ് പ്രവർത്തകരുടെ പേരിൽ കേസ് എടുക്കുന്നതിനുള്ള നടപടികളാണ് സ്വീകരിച്ചുവരുന്നത്. ഇക്കാര്യത്തിൽ യഥാർത്ഥ പ്രതികളെ കണ്ടെത്തുന്നതിന് അടിയന്തിര നടപടികൾ സ്വീകരിക്കണം.

ആഭ്യന്തരവും വിനോദസഞ്ചാരവും വകുപ്പുമന്ത്രിക്കുവേണ്ടി നിയമവും പാർലമെന്ററികാര്യവും സ്പോർട്ട്സും യുവജനക്ഷേമവും തുറമുഖവും വകുപ്പുമന്ത്രി (ശ്രീ.എം. വിജയകുമാർ) : 10-09-2007-ന് കാഞ്ഞങ്ങാട് ടൗണിൽ തെക്കേപ്പുറം എന്ന സ്ഥലത്ത് യു.ഡി.എഫ്. പ്രവർത്തകർ റോഡ് ഉപരോധം നടത്തിയതിനുശേഷം കുണ്ടും കുഴികളും അടച്ചുകൊണ്ടിരിക്കുമ്പോൾ അതു

വഴി ഓട്ടോയിൽ വന്ന സി.പി.ഐ(എം) പ്രവർത്തകന്റെ ഓട്ടോറിക്ഷ തകർക്കുകയും ദേഹോപദ്രവം ഏല്പിക്കുകയുമുണ്ടായി. ഇത് സംബന്ധിച്ച് കേസ് രജിസ്റ്റർ ചെയ്തുവെങ്കിലും പ്രതികളെ ഇതുവരെ അറസ്റ്റ് ചെയ്തിട്ടില്ല. അന്നേദിവസം ഉച്ചയ്ക്കുശേഷം മുസ്ളിം ലീഗിൽപ്പെട്ട കാഞ്ഞങ്ങാട് മുനിസിപ്പൽ കൗൺസിലറെ 15-ഓളം സി.പി.ഐ(എം) പ്രവർത്തകർ ദേഹോപദ്രവം ഏല്പിച്ചതിനെത്തുടർന്ന് ആശുപത്രിയിൽ ചികിത്സയ്ക്ക് വിധേയനാക്കി. ഈ സംഭവത്തിൽ ഇൻഡ്യൻ ശിക്ഷാ നിയമ പ്രകാരം കേസ് രജിസ്റ്റർ ചെയ്തുവെങ്കിലും പ്രതികളെ അറസ്റ്റ് ചെയ്തിട്ടില്ല. 10-09-2007-ൽ കൗൺസിലറുടെ കാർ അടിച്ചുപൊളിച്ചതായി വിവരം കിട്ടിയിട്ടുണ്ട്. ഇത്തരത്തിലുള്ള കേസ്സുകൾ നിരവധി ഉണ്ടായിക്കൊണ്ടിരിക്കുകയാണ്. ഇതുസംബന്ധിച്ച് ഊർജ്ജിതമായ അന്വേഷണം നടത്തി കുറ്റക്കാർക്കെതിരെ നടപടികൾ സ്വീകരിക്കുന്നതിന് പോലീസിന് കർശന നിർദ്ദേശം നൽകുന്നതാണ്.

## റിപ്പോർട്ട് പരിഗണന

പ്രിവിലേജസ്, എഥിക്സ് എന്നിവ സംബന്ധിച്ച സമിതിയുടെ ഒന്നാമത് റിപ്പോർട്ട് സഭ അംഗീകരിച്ചു.

## അനൗദ്യോഗികാംഗങ്ങളുടെ കാര്യം

### (1) റിപ്പോർട്ട് പരിഗണന

അനൗദ്യോഗിക പ്രമേയങ്ങളും ബില്ലുകളും സംബന്ധിച്ച സമിതിയുടെ എട്ടാമത് റിപ്പോർട്ട് സഭ അംഗീകരിച്ചു.

## (2) സാമാന്യമായി പൊതുതാല്പര്യമുള്ള സംഗതികൾ സംബന്ധിച്ച പ്രമേയങ്ങൾ

### (1) അർഹതപ്പെട്ട മുഴുവൻ കുടുംബങ്ങളേയും ഉൾപ്പെടുത്തി ബി.പി.എൽ. ലിസ്റ്റ് തയ്യാറാക്കാൻ നടപടി

(ശ്രീമതി ഇ.എസ്. ബിജിമോൾ 29-6-2007-ന് അവതരിപ്പിച്ചതും ചർച്ച പൂർത്തിയാകാത്തതുമായ പ്രമേയം -ചർച്ച തുടർച്ച)

ശ്രീമതി ഇ.എസ്. ബിജിമോൾ: (തുടർച്ച) കേന്ദ്ര പ്ളാനിംഗ് കമ്മീഷൻ ദാരിദ്ര്യരേഖയ്ക്ക് താഴെയുള്ള കുടുംബങ്ങളുടെ കണക്കെടുത്തിരിക്കുന്നത് വളരെ അശാസ്ത്രീയമായിട്ടാണ്. പ്രസ്തുത കമ്മിഷന്റെ കണക്ക് പ്രകാരം ദേശീയ തലത്തിൽ ആകെ ദാരിദ്ര്യരേഖയ്ക്ക് താഴെയുള്ള കുടുംബങ്ങളിൽ 2 ശതമാനം മാത്രമാണ് കേരളത്തിലുള്ളത്. സംസ്ഥാനത്ത് യഥാർത്ഥത്തിൽ ദാരിദ്ര്യരേഖയ്ക്ക് താഴെയുള്ള 40 ലക്ഷം കുടുംബങ്ങളുണ്ടെന്നാണ് വസ്തുത. ദാരിദ്ര്യരേഖയ്ക്ക് താഴെയുള്ളവരെ കണക്കാക്കുമ്പോൾ ജനങ്ങളുടെ ഇല്ലായ്മയുടെ ഏറ്റക്കുറിച്ചിലോ രോഗാതുരതയോ ഒന്നും കണക്കാക്കാതെ ദാരിദ്ര്യത്തെ ചുരുക്കിക്കാണുന്ന രീതിയാണ് കേന്ദ്ര ഗവൺമെന്റ് അവലംബിച്ചിട്ടുള്ളത്. സമൂഹത്തിന്റെ സുപ്രധാന സവിശേഷതയായ റിലേറ്റീവ് പോവർട്ടി എന്ന ആശയത്തെ പലപ്പോഴും കണക്കിലെടുക്കുന്നില്ല. സമൂഹത്തിൽ ഉണ്ടായിട്ടുള്ള മാറ്റങ്ങൾക്കനുസൃതമായി ദാരിദ്ര്യരേഖയ്ക്ക് താഴെയുള്ളവരെ കണ്ടെത്തുന്നതിനുള്ള മാനദണ്ഡത്തിലും മാറ്റമുണ്ടാകണം. ആദിവാസികൾ, പട്ടികജാതി-പട്ടികവർഗ്ഗക്കാർ, കയർ-കശുവണ്ടിത്തൊഴിലാളികൾ, തോട്ടം തൊഴിലാളികൾ എന്നിവരെ അവരുടെ ജീവിത രീതിയുടെ അടിസ്ഥാനത്തിൽ വേർതിരിച്ച് കാണണം. സംസ്ഥാനത്തോട് കാണിക്കുന്ന ഈ നടപടിക്കെ

തിരെ കേന്ദ്ര മന്ത്രിമാർ കേന്ദ്ര ഗവൺമെന്റിൽ ശക്തമായ സമ്മർദ്ദം ചെലുത്തണം. ബി.പി.എൽ.കാരെ കണ്ടെത്തുന്നതിന് വ്യക്തവും സൂക്ഷ്മവുമായ സ്ഥിതിവിവരക്കണക്ക് തയ്യാറാക്കുന്നതിനുള്ള മാർഗ്ഗം അവലംബിക്കണം. ദാരിദ്ര്യനിർമ്മാർജ്ജനത്തിന്റെ കാര്യത്തിൽ തദ്ദേശഭരണ സ്ഥാപനങ്ങളുടെ പങ്ക് വളരെ വിലപ്പെട്ടതാണ്. കേന്ദ്ര സർക്കാർ സംസ്ഥാനത്തിന് നൽകിവരുന്ന റേഷൻ സബ്സിഡി കാലാകാലങ്ങളിൽ കുറഞ്ഞു വരികയാണ്. യഥാർത്ഥ ബി.പി.എൽ.കാരെ കണ്ടെത്തി സബ്സിഡി അടക്കമുള്ള ആനുകൂല്യങ്ങൾ കേന്ദ്രസർക്കാരിൽനിന്നും നേടിയെടുക്കുന്നതിനുള്ള നടപടികൾ സ്വീകരിക്കണം. ദാരിദ്ര്യ രേഖ നിശ്ചയിക്കുന്ന കാര്യത്തിൽ എല്ലാ സംസ്ഥാനങ്ങൾക്കുമായി ഒരു ഏകീകൃത മാനദണ്ഡമില്ലാതെപ്പോയതാണ് ഇപ്പോഴുള്ള പ്രധാന പ്രശ്നം. വ്യക്തമായ മാനദണ്ഡത്തെ അടിസ്ഥാനമാക്കാതെ, എല്ലാ സംസ്ഥാനത്തിനും 'സ്കോർ'-ന്റെ അടിസ്ഥാനത്തിൽ ദാരിദ്ര്യരേഖ നിശ്ചയിച്ചുകൊണ്ടുള്ള സർവ്വേ തികച്ചും പരാജയമായിരുന്നു. അതാതു സംസ്ഥാനങ്ങൾ ബി.പി.എൽ./എ.പി.എൽ. ലിസ്റ്റിനുള്ള മാനദണ്ഡങ്ങൾ പാലിക്കണമെന്നു പറയുമ്പോഴും എണ്ണത്തിന്റെ കാര്യത്തിൽ ഒരു നിശ്ചിത പരിധിയിൽ കൂടാൻ പാടില്ലെന്ന നിബന്ധന നിഷ്ക്കർഷിക്കുകയും ചെയ്തു. പ്ളാനിംഗ് കമ്മീഷന്റെയും കേന്ദ്ര ഗവൺമെന്റിന്റെയും ഇത്തരം നിർദ്ദേശങ്ങൾ നടപ്പിലാക്കിയതിലൂടെ അർഹരായ ധാരാളം ആളുകൾ ബി.പി.എൽ. ലിസ്റ്റിൽ നിന്നും ഒഴിവാക്കപ്പെട്ടു. പ്ളാനിംഗ് കമ്മീഷന്റെ നിർദ്ദേശപ്രകാരം 12.25 ലക്ഷം ആളുകളാണ് കേരളത്തിൽ ബി.പി.എൽ. വിഭാഗത്തിൽപ്പെടുന്നവർ. ഇതിനേക്കാൾ എത്രയോ അധികംപേർ ഈ വിഭാഗത്തിൽ

പ്പെടുന്നവരുണ്ടെങ്കിലും ഇതിന്റെ 10 ശതമാനത്തിനേക്കാൾ കൂടുതൽ ആളുകളെ പരിഗണിക്കാൻ സാധിക്കുകയില്ലെന്ന കേന്ദ്ര സർക്കാർ നിലപാടിൽ മാറ്റം ഉണ്ടാകണം. യഥാർത്ഥത്തിൽ 40 ലക്ഷത്തിലധികം ആളുകളാണ് ഈ പട്ടികയിൽപ്പെടുന്നവരായി സംസ്ഥാനത്തുള്ളത്. കേരളത്തിൽ ദാരിദ്ര്യരേഖയ്ക്ക് താഴെയുള്ള കുടുംബങ്ങളുടെ എണ്ണം 12.25 ലക്ഷത്തിൽ കവിയാൻ പാടില്ല എന്നാണ് കേന്ദ്ര സർക്കാർ നിർദ്ദേശിച്ചിരിക്കുന്നത്. ദരിദ്ര കുടുംബങ്ങളുടെ എണ്ണത്തിന് പരിധി നിശ്ചയിച്ച ശേഷം അതനുസരിച്ച് ലിസ്റ്റ് തയ്യാറാക്കുവാൻ ആവശ്യപ്പെടുന്നത് നീതിക്ക് നിരക്കാത്തതും യുക്തിരഹിതവുമാണ്. ഈ നിർദ്ദേശം നടപ്പിലാക്കിയാൽ പട്ടിണിപ്പാവങ്ങളായ ലക്ഷക്കണക്കിനു കുടുംബങ്ങൾക്ക് അർഹമായ ആനുകൂല്യങ്ങൾ നിഷേധിക്കപ്പെടാനിടയാകും. കേന്ദ്ര-സംസ്ഥാന സർക്കാരുകളുടെ ആനുകൂല്യങ്ങൾ മാത്രമല്ല, റേഷൻ സാധനങ്ങൾ കുറഞ്ഞ വിലയ്ക്ക് ലഭിക്കുന്നതും ദാരിദ്ര്യരേഖയ്ക്ക് താഴെയുള്ളവർക്കാണ്. ഈ സാഹചര്യത്തിൽ കേന്ദ്ര നിർദ്ദേശം പിൻവലിച്ച് അർഹതപ്പെട്ട മുഴുവൻ കുടുംബങ്ങളേയും ഉൾപ്പെടുത്തി ബി.പി.എൽ. ലിസ്റ്റ് തയ്യാറാക്കാനുള്ള നടപടികൾ ഉണ്ടാകണമെന്ന് ഈ സഭ കേന്ദ്ര ഗവൺമെന്റിനോട് ആവശ്യപ്പെടണം.

ശ്രീ. പി.സി. വിഷ്ണുനാഥ്: പ്രമേയത്തിന്റെ അവസാന ഭാഗത്ത് 'ഈ സാഹചര്യത്തിൽ' എന്നതിനുശേഷമുള്ള 'അർഹതപ്പെട്ടവരെ ഒഴിവാക്കി ലിസ്റ്റ് തയ്യാറാക്കാനുള്ള കേന്ദ്ര നിർദ്ദേശം പിൻവലിച്ച്' എന്നത് പിൻവലിക്കണം എന്ന ഭേദഗതി അവതരിപ്പിക്കുന്നു. കേന്ദ്രസർക്കാർ അങ്ങനെയൊരു നിർദ്ദേശം നൽകിയിരുന്നില്ല.

<u>ശ്രീ. എൻ. രാജൻ:</u> പ്രമേയത്തെ പിന്താങ്ങുന്നു. പുത്തൻ സാമ്പത്തിക നയത്തിന്റെ ഭാഗമായി കേന്ദ്ര സർക്കാർ 1991-ൽ റേഷൻ സമ്പ്രദായത്തിൽ വരുത്തിയ മാറ്റം കേരളത്തിലെ പൊതു വിതരണ സമ്പ്രദായം തകരാനിടയാക്കി. തുടർന്ന് കേന്ദ്രം സംസ്ഥാനത്തിനു നൽകിവന്നിരുന്ന സബ്സിഡി വെട്ടിക്കുറയ്ക്കുന്ന നടപടികളിലേയ്ക്കാണ് നീങ്ങിയത്. കുടുംബശ്രീ യൂണിറ്റുകളെ പങ്കെടുപ്പിച്ചുകൊണ്ട് തദ്ദേശസ്വയംഭരണ വകുപ്പിന്റെ നേതൃത്വത്തിൽ നടന്ന കണക്കെടുപ്പ് പ്രകാരം കേരളത്തിലെ ഏതാണ്ട് മൂന്നേകാൽ കോടിയോളം ജനങ്ങളിൽ 40 ലക്ഷത്തോളം കുടുംബങ്ങളാണ് ബി.പി.എൽ. വിഭാഗത്തിൽപ്പെടുന്നവരായി കണക്കാക്കിയിട്ടുള്ളത്.. ആനുകൂല്യത്തിന് അർഹരായ മുഴുവൻ ആളുകളെയും ബി.പി.എൽ. ലിസ്റ്റിൽ ഉൾപ്പെടുത്തത്തക്കവിധത്തിൽ മാനദണ്ഡങ്ങളിൽ മാറ്റം വരുത്താൻ കേന്ദ്രത്തിൽ ആവശ്യപ്പെടണം.

<u>ശ്രീ. തിരുവഞ്ചൂർ രാധാകൃഷ്ണൻ</u> : ഇവിടെ നടന്ന ചർച്ചകളോട് പൊതുവിൽ യോജിക്കുകയാണ്. ബി.പി.എൽ.ലിസ്റ്റിൽ സാമ്പത്തികശേഷി യുള്ളവർ കടന്നുകൂടിയിട്ടുണ്ടെങ്കിൽ അവരെ കണ്ടെത്തി ഒഴിവാക്കി ലിസ്റ്റ് തയ്യാറാക്കണം. 40 ലക്ഷം ആളുകളിൽ അർഹതപ്പെട്ടവരെ കണ്ടെത്തണം. ഗവൺമെന്റ് പറഞ്ഞതനുസരിച്ച് എല്ലാ പഞ്ചായത്തുകളിലും പഞ്ചായത്ത് മെമ്പർമാർ തീരുമാനിക്കുന്നതനുസരിച്ച് പാവപ്പെട്ടവരെ കണ്ടെത്തണമെന്നു പറയുന്നത് പുന:പരിശോധിക്കണം. ബി.പി.എൽ. ലിസ്റ്റ് തയ്യാറാക്കുന്ന കാര്യത്തിൽ ഒരു സമഗ്രമായ അഴിച്ചുപണി ഉണ്ടാകണം. പന്ത്രണ്ടേകാൽ ലക്ഷം അളുകളിൽ അനർഹരുണ്ടെങ്കിൽ അവരെ കണ്ടെത്തുകയും അർഹതപ്പെട്ടവരെ ലിസ്റ്റിൽ ഉൾപ്പെടുത്തുകയും ചെയ്യണം. അംഗീകൃത

ഏജൻസിയുടെ സർവ്വേയുടെ അടിസ്ഥാനത്തിൽ 40 ലക്ഷം ആളുകൾ പാവപ്പെട്ടവരാണെങ്കിൽ അവർക്ക് കേരളത്തിലെ ആശുപത്രികളിൽ സൗജന്യമായി ചികിത്സ കിട്ടാനുള്ള സാഹചര്യമുണ്ടാക്കണം. അവരിൽ നിന്നും സർവ്വീസ് ചാർജ്ജ് ഈടാക്കുന്നത് ഒഴിവാക്കണം. ഇക്കാര്യത്തിൽ സംസ്ഥാന ഗവൺമെന്റിന് ചെയ്യാൻ കഴിയുന്ന കാര്യങ്ങൾ ചെയ്തശേഷം കേന്ദ്ര ഗവൺമെന്റിന്റെ നയങ്ങളിൽ മാറ്റം വരുത്താൻ സമ്മർദ്ദം ചെലു ത്തിയാൽ മതി. അതേ സമയം കേന്ദ്ര ഗവൺമെന്റിൽ നിന്നും കിട്ടുന്ന ആനുകൂല്യങ്ങൾ നേടിയെടുക്കുന്ന കാര്യത്തിലുള്ള സമീപനത്തിൽ സംസ്ഥാന ഗവൺമെന്റ് മാറ്റം വരുത്തണം. അംഗീകൃത ഏജൻസിയായ കുടുംബശ്രീ യൂണിറ്റുകൾ തയ്യാറാക്കിയ ലിസ്റ്റിലെ പാവപ്പെട്ടവർക്കുകൂടി ഈ ആനുകൂല്യങ്ങൾ നൽകണം.

<u>ശ്രീ. കെ. വി. കുഞ്ഞിരാമൻ</u> : കേരളത്തിലെ എല്ലാ വിഭാഗം ജനങ്ങളും ആശങ്കയോടെ കാണുന്ന വിഷയമാണ് ഇവിടെ പ്രമേയമായി അവതരിപ്പിച്ചിട്ടു ളളത്. കേന്ദ്ര പ്ളാനിംഗ് കമ്മീഷന്റെ നിർദ്ദേശത്തെ അടിസ്ഥാനമാക്കി കേരള ത്തിൽ ഇപ്പോൾ നടന്നുകൊണ്ടിരിക്കുന്ന സർവ്വേയുടെ ഭാഗമായി അർഹതപ്പെ ട്ടവർ എത്രയുണ്ടെന്ന് കണ്ടെത്തി ദാരിദ്ര്യരേഖയ്ക്ക് താഴെയുളളവരുടെ പ്രശ്നങ്ങൾ പരിഹരിക്കപ്പെടാൻ പോകുകയാണ്. കേന്ദ്ര ഗവൺമെന്റിന്റെ നിർദ്ദേശപ്രകാരം നാഷണൽ സാമ്പിൾ സർവ്വേ നടത്തിയ അന്വേഷണത്തിൽ 40 ലക്ഷം ആളുകൾ കേരളത്തിൽ ദാരിദ്ര്യരേഖയ്ക്ക് താഴെയാണെന്നാണ് സൂചിപ്പിക്കുന്നത്. കേന്ദ്ര ഗവൺമെന്റ് ആവിഷ്ക്കരിച്ച് നടപ്പിലാക്കുന്ന സാമ്പത്തിക നയങ്ങളിൽ മനുഷ്യത്വരഹിതമായ സമീപനങ്ങളാണ് സ്വീകരി ച്ചുകൊണ്ടിരിക്കുന്നത്. കേരളം പോലുള്ള ഒരു സംസ്ഥാനത്ത് പ്ലാനിംഗ് കമ്മീഷന്റെ നിർദ്ദേശങ്ങളെ അടിസ്ഥാനമാക്കി മാത്രം ബി.പി.എൽ.

നിശ്ചയിക്കാൻ പാടില്ല. സ്റ്റാറ്റ്യൂട്ടറി റേഷനിംഗ് കേരളത്തിന്റെ ഭക്ഷ്യസുരക്ഷയ്ക്ക് വിലപ്പെട്ട സംഭാവനകൾ നൽകുന്ന ഒന്നാണ്. ഈ സമ്പ്രദായത്തിന്റെ ഗുണഫലങ്ങൾ എല്ലാവർക്കും കിട്ടണമെങ്കിൽ വളരെയധികം പോരായ്മകൾ പരിഹരിക്കേണ്ടതുണ്ട്. റേഷൻ അലോട്ട്മെന്റിൽ കുറവു വന്നാൽ ആവശ്യമായ ഭക്ഷ്യധാന്യം ലഭിക്കാത്ത സ്ഥിതി വരും. കേരളത്തിന്റെ തീരദേശത്തെ മത്സ്യത്തൊഴിലാളികൾക്ക് കൊടുക്കുന്ന മണ്ണെണ്ണ മുഴുവനും കേന്ദ്രഗവൺമെന്റ് തരുന്നില്ല. കേരളത്തിലെ കൃഷിക്കാർക്ക് കൊടുക്കുന്നതിനുവേണ്ടി അലോട്ട് ചെയ്യുന്ന മണ്ണെണ്ണയുടെ ഒരു വിഹിതം മത്സ്യത്തൊഴിലാളികൾക്ക് കൊടുക്കുകയാണ് ചെയ്യുന്നത്. കേരളത്തെ സംബന്ധിച്ചിടത്തോളം കേന്ദ്രം ആവിഷ്ക്കരിക്കുന്ന പദ്ധതികളുടെ നോംസ് പല ബുദ്ധിമുട്ടുകളും ഉണ്ടാക്കുന്നുണ്ട്. വിദ്യാഭ്യാസപരമായി മുന്നോക്കംനിൽക്കുന്ന കേരളം പോലുള്ള സംസ്ഥാനങ്ങൾക്ക് അതനുസരിച്ചുള്ള മാനദണ്ഡമാണ് നിശ്ചയിക്കേണ്ടത്. 'ജോലിക്ക് കൂലി ഭക്ഷണം' എന്ന ആശയം കേരളത്തിൽ നടപ്പാകില്ല. കേന്ദ്രം ആവിഷ്ക്കരിക്കുന്ന പല പദ്ധതികളും കേരളത്തിന്റെ സാദ്ധ്യതയുമായി താരതമ്യപ്പെടാത്തതായതുകൊണ്ടാണ് ഗുണം ചെയ്യാത്തത്. കേരളത്തിന്റെ ആവശ്യങ്ങൾ നേടിയെടുക്കാൻ യോജിച്ച പ്രവർത്തനം ആവശ്യമാണ്. സംസ്ഥാനത്തെ 40% കുടുംബങ്ങളെയെങ്കിലും ബി.പി.എൽ. പരിധിയിൽ കൊണ്ടുവരത്തക്ക രീതിയിലുള്ള മാനദണ്ഡങ്ങൾ നിശ്ചയിക്കാൻ സമ്മർദ്ദം ചെലുത്തണം. ഈ പ്രമേയം ഏകകണ്ഠമായി സഭ അംഗീകരിച്ച് പാസ്സാക്കണം.

<u>ശ്രീ. കെ. കുട്ടി അഹമ്മദ് കുട്ടി</u>: പ്രമേയത്തെ അനുകൂലിക്കുന്നു. കേരള സംസ്ഥാനം നേരിടുന്ന ഗുരുതരമായ പ്രശ്നമാണ് ഈ പ്രമേയത്തിലൂടെ ചർച്ച ചെയ്യുന്നത്. കേരളത്തിലെ ജനങ്ങൾ വിദ്യാഭ്യാസമുള്ളവരായതു കൊണ്ട് ജീവിത നിലവാരത്തിൽ ഉയർച്ചയുണ്ടാകും. അതിനനുസൃതമായ രീതിയിൽ ബി.പി.എൽ. മാനദണ്ഡം പുനർ നിർവ്വചിക്കണം.

<u>ശ്രീ. ജോസ് തെറ്റയിൽ</u>: പ്രമേയത്തെ അനുകൂലിക്കുന്നു. എ.പി.എൽ, ബി.പി.എൽ മാനദണ്ഡം നിശ്ചയിക്കുന്നതിൽ ഇപ്പോൾ നിശ്ചയിച്ചിട്ടുള്ള ഘടക ങ്ങൾ പുന:പരിശോധിക്കാൻ കക്ഷി രാഷ്ട്രീയത്തിനതീതമായി ഒറ്റക്കെട്ടായി നിലകൊള്ളണം.

<u>ശ്രീ. ജോസഫ് എം. പുതുശ്ശേരി</u>: പ്രമേയത്തെ അനുകൂലിക്കുന്നു. കേരളത്തിന്റെ സാഹചര്യങ്ങൾ കണക്കിലെടുത്തുകൊണ്ട് ബി.പി.എൽ മാനദണ്ഡം നിശ്ചയിക്കണം.

തദ്ദേശ സ്വയംഭരണവും ഗ്രാമവികസനവും വകുപ്പുമന്ത്രിക്കുവേണ്ടി ധനകാര്യ വകുപ്പുമന്ത്രി <u>(ഡോ. തോമസ് ഐസക്)</u>: വളരെ പ്രധാനപ്പെട്ട വിഷയമാണ് ഇവിടെ ചർച്ച ചെയ്യുന്നത്. പഞ്ചവത്സര പദ്ധതികളുടെ ഭാഗമായിട്ട് ദരിദ്രജനങ്ങൾക്കുള്ള ആനുകൂല്യങ്ങൾ ചില മാനദണ്ഡത്തിന്റെ അടിസ്ഥാനത്തിലാണ് നൽകുന്നത്. പത്താം പഞ്ചവത്സര പദ്ധതിവരെ വരുമാനത്തിന്റെ അടിസ്ഥാനത്തിലാണ് അത് നിർണ്ണയിച്ചുകൊണ്ടിരുന്നത്. ഇപ്പോൾ അത് അടിസ്ഥാന സൗകര്യങ്ങൾ ആർജ്ജിച്ചിട്ടുള്ളതിന്റെ ആരോഹണ- അവരോഹണ ക്രമത്തിലാണ് നിശ്ചയിക്കുന്നത്. ക്ലേശഘടകത്തിന്റെ അടിസ്ഥാനത്തിൽ സർവ്വേയിൽപ്പെടുന്ന മുഴുവൻ കുടുംബങ്ങളേയും മാറ്റിനിർത്തുകയാണ്. നാഷണൽ സാമ്പിൾ സർവ്വേയുടെ കണക്കനുസരിച്ച് കേരളത്തിൽ 12.25 ലക്ഷം ദരിദ്ര

കുടുംബങ്ങളാണുള്ളത്. ഒരാളുടെ ഭക്ഷണത്തിന് മിനിമം എന്ത് തുക ചെലവ് വരും എന്നതിന്റെ അടിസ്ഥാനത്തിലാണ് ദാരിദ്ര്യരേഖ നിശ്ചയിച്ചിരുന്നത്. ഇതുപ്രകാരം കേരളത്തിലെ ദരിദ്രജനങ്ങളുടെ എണ്ണം നിലവിലുള്ള തിനേക്കാൾ വളരെ കൂടുതലാണ്. ഇത് സംബന്ധിച്ച് തർക്കം നിലനിൽക്കുന്നുണ്ട്. അർഹതയുള്ള കുടുംബങ്ങൾ 12.25 ലക്ഷത്തേക്കാൾ കൂടുതലാണെന്നാണ് പ്രമേയത്തിൽ പറയുന്നത്. ക്ലേശഘടങ്ങളുടെ വെയിറ്റേജ് തീരുമാനിച്ച് അടിയന്തിരമായി ലിസ്റ്റ് തയ്യാറാക്കാൻ കേന്ദ്രഗവൺമെന്റ് ആവശ്യപ്പെട്ടിരിക്കുകയാണ്. ദാരിദ്ര്യത്തിന്റെ ബഹുമുഖവശങ്ങൾക്ക് എത്രമാത്രം പ്രാധാന്യം കൊടുക്കണമെന്നത് ക്യാബിനറ്റിന്റെ പരിഗണനയിലാണ്. ശേഷിക്കുറവിനേയും ഉടമസ്ഥാവകാശത്തേയും അടിസ്ഥാനമാക്കിയുള്ള ക്ലേശഘടകങ്ങൾക്ക് പ്രത്യേകം വെയിറ്റേജ് കൊടുത്തിട്ടുണ്ട്. ഇക്കാര്യത്തിൽ ഒരേ സ്കോർ വന്നുകഴിഞ്ഞാൽ അതിന്റെ മുൻഗണന തീരുമാനിക്കേണ്ടിവരും. 2003-ൽ നടത്തിയ സർവ്വേയിൽ ചില അപാകതകളുണ്ടെന്ന് മനസ്സിലാക്കി കുടുംബശ്രീ-അയൽക്കൂട്ടങ്ങളിൽവച്ച് ഇത് വാലിഡേഷൻ നടത്തിയിട്ടുണ്ട്. ഇനി സ്കോർ ഉണ്ടാക്കണം. ശ്രീ. പി.സി. വിഷ്ണുനാഥ് അവതരിപ്പിച്ച "അർഹതപ്പെട്ടവരെ ഒഴിവാക്കി ലിസ്റ്റ് തയ്യാറാക്കാനുള്ള കേന്ദ്ര നിർദ്ദേശം പിൻവലിച്ച്" എന്ന ഭാഗം ഒഴിവാക്കി പ്രമേയം അംഗീകരിക്കണമെന്ന് അഭ്യർത്ഥിക്കുന്നു.

ശ്രീമതി ഇ.എസ്. ബിജിമോൾ അവതരിപ്പിച്ച പ്രമേയത്തിന് ശ്രീ. പി.സി. വിഷ്ണുനാഥ് കൊണ്ടുവന്ന ഭേദഗതി സഭ അംഗീകരിച്ചു.

ഭേദഗതി ചെയ്ത പ്രകാരമുള്ള പ്രമേയം സഭ ഐകകണ്ഠ്യേന പാസ്സാക്കി.

## (2) കേന്ദ്ര കർഷക കടാശ്വാസ നിയമം

**ശ്രീ. പി. വിശ്വൻ:** ഉയർന്ന ഉൽപ്പാദന ചെലവും, ഉൽപ്പന്നങ്ങളുടെ വിലത്തകർച്ചയും, കൃഷിനാശവും മൂലം വരുമാനം നഷ്ടപ്പെട്ട് കടക്കെണിയിലകപ്പെടുകയും ആത്മഹത്യയിലേയ്ക്ക് വലിച്ചിഴക്ക പ്പെടുകയും ചെയ്യുന്ന കർഷക കുടുംബങ്ങളെ രക്ഷിക്കാൻ കേരള നിയമസഭ കേരള കർഷക കടാശ്വാസ കമ്മീഷൻ നിയമം പാസ്സാക്കുകയും അതനുസരിച്ച് കമ്മീഷന്റെ പ്രവർത്തനം നടന്നുവരികയുമാണ്. എന്നാൽ കേന്ദ്രനിയമങ്ങൾ അടിസ്ഥാനമാക്കി പ്രവർത്തിക്കുന്ന ദേശസാൽകൃത ഷെഡ്യൂൾഡ് ബാങ്കുകൾക്ക് സംസ്ഥാന നിയമസഭ പാസ്സാക്കിയ നിയമം ബാധകമല്ല. ആയതുകൊണ്ട് ദേശസാൽകൃത ഷെഡ്യൂൾഡ് ബാങ്കുകളിൽനിന്ന് കടമെടുത്ത കർഷകരെ കടക്കെണിയിൽ നിന്ന് മോചിപ്പിക്കാൻ സഹായകമാകുന്ന ഒരു കേന്ദ്ര കടാശ്വാസ കമ്മീഷൻ നിയമം നിർമ്മിക്കണമെന്ന് ഈ സഭ കേന്ദ്ര സർക്കാരിനോട് അഭ്യർത്ഥിക്കുന്നു. എന്ന പ്രമേയം അവതരിപ്പിക്കുന്നു.

ശ്രീ. സാജു പോൾ: പ്രമേയത്തെ പിന്താങ്ങുന്നു.

ശ്രീ. പി. വിശ്വൻ: കടക്കെണിയിൽ അകപ്പെട്ട കൃഷിക്കാരുടെ കടങ്ങൾ എഴുതിത്തള്ളുന്നതിന് അധികാരമുള്ള ഒരു കമ്മീഷൻ കേരളത്തിൽ പ്രാബല്യത്തിൽ വന്നിട്ടുണ്ട്. വാണിജ്യ ആവശ്യങ്ങൾക്കോ ആഡംബരത്തിനോവേണ്ടി എടുത്ത കടമൊഴികെ ഉപഭോഗത്തിന് വേണ്ടി എടുത്ത കടങ്ങളെല്ലാം ഇതിൽ ഉൾപ്പെടും. കേന്ദ്ര നിയമങ്ങൾ അടിസ്ഥാനമാക്കി പ്രവർത്തിക്കുന്ന ദേശസാൽകൃത ഷെഡ്യൂൾഡ്

ബാങ്കുകൾക്ക് സംസ്ഥാന നിയമസഭ പാസ്സാക്കിയ നിയമം ബാധകമല്ല. കേരളത്തിലെ കർഷകരുടെ 90 ശതമാനത്തോളം കടവും ദേശസാൽകൃത ഷെഡ്യൂൾഡ് ബാങ്കുകളിൽ നിന്നാണ്. അതിനാൽ ഇത്തരം കർഷകരെ കടക്കെണിയിൽനിന്നും മോചിപ്പിക്കുന്നതിന് കേന്ദ്രം ഇത്തരമൊരു നിയമം പാസ്സാക്കാൻ തയ്യാറാകണം. ഫലഭൂയിഷ്ഠമായ മണ്ണുള്ള കേരളത്തിലെ കാർഷികമേഖല ഗുരുതരമായ പ്രതിസന്ധിയെ നേരിട്ടുകൊണ്ടിരിക്കുകയാണ്. കാർഷിക രംഗത്തെ വിദേശമൂലധനമാണ് ഈ മേഖലയെ ഉഴുതു മറിക്കുന്നത്. ഇത് തുടരുകയാണെങ്കിൽ ഇന്ത്യയിൽ കർഷകരുടെ ആത്മഹത്യാ നിരക്ക് വർദ്ധിക്കും. ഉല്പാദന രംഗത്തുനിന്നും പുറകോട്ടുപോകുന്ന സമീപനമാണ് ഇപ്പോൾ കണ്ടുവരുന്നത്.

(ചർച്ച തുടരും)

സഭ ഉച്ചയ്ക്കുശേഷം 12.30-ന് പിരിഞ്ഞു.

*****************